**മൂന്നാം ഭാഗം**

# കളിപ്പാട്ടം

**അനുബന്ധം (അധ്യാപക സഹായി)**

## കളിത്തോണി (3+)

പ്രവർത്തന കാർഡുകളുടെ വിനിമയസഹായി


കേരളസർക്കാർ

പൊതു വിദ്യാഭ്യാസവകുപ്പ്

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

**2020**

*Chithra/Ac./Shy./02_Pre_Teacher Text_Part_3_(3+)*

*Prepared by:*
State Council of Educational Research & Training (SCERT)
Poojappura, Thiruvananthapuram -12, Kerala.
E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2019

## അധ്യാപകരോട്

പ്രീസ്കൂൾ വിദ്യാഭ്യാസരംഗം ശാസ്ത്രീയവും സമഗ്രവുമാക്കുന്നതിന് വിവിധങ്ങളായ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കി വരികയാണ്. എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ കേരളത്തിലെ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് ദിശാബോധം നൽകുന്നതിനായി പ്രീസ്കൂൾ പാഠ്യപദ്ധതിയും അധ്യാപകസഹായി 'കളിപ്പാട്ടവും' കാലോചിതമായി തയാറാക്കിയിട്ടുണ്ട്. അഞ്ച് വികാസ മേഖലകളിലായി 87 ശേഷികൾ നാലുവയസ്സ് കഴിയുമ്പോഴേക്കും കുട്ടി നേടിയിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് പ്രീസ്കൂൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കുട്ടിയുടെ പരിചിതപരിസരവുമായി ബന്ധപ്പെട്ട 30 തീമുകളിലായാണ് പ്രവർത്തനങ്ങൾ അധ്യാപിക ആസൂത്രണം ചെയ്യേണ്ടത്.

പ്രീസ്കൂൾ പ്രവർത്തകർക്ക് മികച്ച ഉൾക്കാഴ്ചയും വിനിമയ നൈപുണിയും ലഭിക്കും വിധം പിന്തുണാ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി തയാറാക്കപ്പെട്ടതാണ് 'കളിപ്പാട്ടം' എന്ന അധ്യാപകസഹായി. തുടർന്ന് കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ അംഗീകൃത പ്രീസ്കൂളുകളിലെയും അധ്യാപകർക്ക് 'പ്രശിക്ഷാ' എന്ന പേരിൽ പരിശീലനം നൽകി. രക്ഷിതാക്കൾക്കും പ്രത്യേകമായ ബോധവൽക്കരണ ക്ലാസുകൾ ക്രമീകരിച്ചു കുട്ടികൾക്കായി പ്രാഗ് വായന, പ്രാഗ്ഗണിതം, പ്രാഗ്ലേഖനം, സൂക്ഷ്മപേശീവികാസം, സർഗാത്മക വികാസം എന്നിവയ്ക്ക് സഹായകമായ പ്രവർത്തനകാർഡുകൾ, 'കളിത്തോണി' എന്ന പേരിൽ മൂന്ന് ഭാഗങ്ങളായി തയാറാക്കിയിട്ടുണ്ട്. കളിത്തോണി – മൂന്നാം ഭാഗത്തിൽ 21 മുതൽ 30 വരെ യുള്ള തീമുകളെ വികാസമേഖലകൾ, ശേഷികൾ എന്നിവ പരിഗണിച്ച് തയാറാക്കിയിരിക്കുന്നു. കുട്ടിയുടെ പ്രായം, പ്രകൃതം, ശേഷികൾ എന്നിവ പരിഗണിച്ച് വിനിമയം ചെയ്യുന്നതെങ്ങനെയെന്ന് വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുന്നതാണ് ഈ കൈപ്പുസ്തകം. സ്വയം പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രവർത്തന കാർഡുകൾ വികസിപ്പിക്കുന്നതിനും അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്. ഈ കൈപ്പുസ്തകം ഫലപ്രദമായി പ്രയോജനപ്പെടുത്തുമല്ലോ.

ആശംസകളോടെ,

**ഡോ.ജെ. പ്രസാദ്**

## ശില്പശാലയിൽ പങ്കെടുത്തവർ

1. **മഹേഷ്കുമാർ. എം**
   അധ്യാപകൻ, ഗവ. എൽ.പി.എസ്. ചെറിയാക്കര, കാസർഗോഡ്
2. **സുരേഷ്ബാബു.കെ.കെ**
   (റിട്ട. ട്രെയിനർ, എസ്.എസ്.എ, കണ്ണൂർ)
3. **സൈജ. എസ്**
   അധ്യാപിക, ഗവ.എൽ.പി.എസ്.കോയിപ്പാട്, കൊല്ലം
4. **ഷിനോജ്‌രാജ്**
   എഡിറ്റിങ് അസിസ്റ്റന്റ്, യുറീക്ക, ചാലപ്പുറം, കോഴിക്കോട്
5. **ജോയ്സ്മോൾ മാത്യൂ.കെ**
   റിട്ട.അധ്യാപിക, ജി.എൽ.പി.എസ് കോട്ടൺഹിൽ
6. **ഷീബ.എസ്.ആർ**
   ഐ.സി.ഡി.എസ്.സൂപ്പർവൈസർ, വാമനപുരം
   അഡീഷണൽ, വനിതാശിശുവികസന വകുപ്പ്
7. **രേണുകകുമാരി.എസ്**
   അങ്കണവാടി വർക്കർ, ഐ.സി.ഡി.എസ്
   അർബൻ II പ്രോജക്ട്, വനിതാശിശുവികസന വകുപ്പ്
8. **അഞ്ജു.എ.ജി**
9. **ഡോ.ബീന**

## വിദഗ്ധർ

1. **ഡോ.സി.രാമകൃഷ്ണൻ**
   സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗം
2. **ഡോ.ആർ.ജയപ്രകാശ്**
   അഡീഷണൽ പ്രൊഫസർ, പീഡിയാട്രിക്സ് & ചൈൽഡ് സൈക്യാട്രിസ്റ്റ്, എസ്.എ.ടി ഹോസ്പിറ്റൽ, തിരുവനന്തപുരം
3. **ഡോ.ടി.പി കലാധരൻ**
   കൺസൾട്ടന്റ്, സമഗ്രശിക്ഷാ, കേരളം
4. **ഡോ.ആർ.പ്രസന്നകുമാർ**
   റിട്ട.പ്രിൻസിപ്പാൾ, ഡയറ്റ്
5. **ഡോ.പി.വി.പുരുഷോത്തമൻ**
   റിട്ട. സീനിയർ ലക്ചറർ, ഡയറ്റ്
6. **ഡോ.പി.ബഷീർ**
   സീനിയർ ലക്ചറർ, ഡയറ്റ്, മലപ്പുറം

## അക്കാദമിക് കോ–ഓഡിനേറ്റർ

**ഷൈലാജാസ്മിൻ. എൽ.എസ്.**

റിസർച്ച് ഓഫീസർ, പ്രീപ്രൈമറി വിദ്യാഭ്യാസ വിഭാഗം,

എസ്.സി.ഇ.ആർ.ടി

# കളിത്തോണി
# (വർക്ക്ഷീറ്റ്) ഉപയോഗിക്കുമ്പോൾ

തീമുകളിലെ ആശയങ്ങളുടെ വിനിമയത്തിന്റെ പ്രാരംഭമായോ കുട്ടിയുടെ ചിന്താശേഷി, സർഗാത്മകത എന്നിവയെ ഉണർത്തുന്നവയായോ, തീമുകളുടെ വിനിമയശേഷമുള്ള കുട്ടിയുടെ ധാരണ പ്രകടിപ്പിക്കുന്നതിനായോ വർക്ക്ഷീറ്റുകൾ ഉപയോഗിക്കാവുന്നതാണ്. വിവിധ തീമുകളുമായി ബന്ധപ്പെടുത്തി നിശ്ചിതശേഷികളുടെ വികാസത്തിനായി നൽകുന്ന അനുഭവ പ്രവർത്തനങ്ങളുടെ തുടർച്ചയായോ, പൂർത്തീകരണമായോ, വിലയിരുത്തലായോ ഉപയോഗിക്കാവുന്നവയുമാണ് വർക്ക് ഷീറ്റുകൾ. ചില സാധ്യതകൾ ചുവടെ നൽകുന്നു.

* **തീം പ്രവർത്തനങ്ങൾ → വർക്ക്ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

തീമുമായി ബന്ധിപ്പിച്ച് അനുഭവങ്ങൾ നൽകുന്നതിന്റെ തുടർച്ചയായി സ്വാഭാവികതയോടെ വർക്ക് ഷീറ്റുകൾ നൽകി തുടർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

* **വർക്ക് ഷീറ്റ് + തീം പ്രവർത്തനങ്ങൾ → തീം പ്രവർത്തനങ്ങൾ → വർക്ക് ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

വർക്ക്ഷീറ്റ് പ്രവർത്തനമായിത്തന്നെ നൽകുകയും അതുമായി സ്വാഭാവികമായി കണ്ണിചേർത്ത് മറ്റ് പ്രവർത്തനങ്ങൾ നൽകുകയും ചെയ്യാം.

- ഒരു അനുഭവസാമഗ്രിയായി വർക്ക് ഷീറ്റുകൾ പ്രയോജനപ്പെടുത്തുകയാവാം.
- കുട്ടിയുടെ വർക്ക്ഷീറ്റുകളെ പരസ്പരം ബന്ധപ്പെടുത്തി വിശകലനം ചെയ്യാനും വികാസമേഖലയിലുള്ള വളർച്ച തിരിച്ചറിയാനും കഴിയുന്നവിധത്തിൽ വർക്ക്ഷീറ്റുകൾ പ്രയോജനപ്പെടുത്താം. ഒരു കുട്ടിയുടെ തന്നെ തുടർച്ചയായ പ്രവർത്തനങ്ങളിലുള്ള മാറ്റമാണ് വിലയിരുത്തേണ്ടത്.
- കുട്ടി ഏർപ്പെടുന്ന പ്രവർത്തനങ്ങളിലെ പ്രക്രിയ അധ്യാപിക നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്.
- വ്യത്യസ്ത കുട്ടികളുടെ വർക്ക്ഷീറ്റുകൾ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ഓരോ കുട്ടിയുടെയും വികാസഘട്ടങ്ങളിലുള്ള വേഗത വ്യത്യസ്തമാണ്. അതിനാൽ കുട്ടികളുടെ പ്രകടനങ്ങളെ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ലഭ്യമായിരിക്കുന്ന വർക്ക്ഷീറ്റുകളുടെ തുടർച്ചയായോ അതിന്റെ അനുബന്ധമായോ പുതിയ വർക്ക്ഷീറ്റുകൾ വികസിപ്പിക്കുന്നതിന് അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്.
- കുട്ടി വർക്ക്ഷീറ്റുകൾ ചെയ്തു കഴിഞ്ഞാൽ അതിന്റെ സൂക്ഷിപ്പ്, പുനരുപയോഗം എന്നിവയെപ്പറ്റി വ്യക്തമായ ധാരണ അധ്യാപികയ്ക്ക് ഉണ്ടായിരിക്കണം. പൂർത്തിയാക്കപ്പെട്ട വർക്ക്ഷീറ്റുകൾ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കേണ്ടതാണ്.

വർക്ക്ഷീറ്റിനെ ഔപചാരികപഠനത്തിന്റെ രീതിയിൽ സമീപിക്കരുത്.

## വർക്ക്ഷീറ്റുകൾ – പ്രവർത്തനങ്ങൾ

**വിവിധ വികാസമേഖലകൾക്ക് പ്രാധാന്യം നൽകുന്ന വർക്ക്ഷീറ്റുകളാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.**

### 1. ശാരീരിക ചാലക വികാസം

സൂക്ഷ്മപേശീവികാസത്തിനുവേണ്ടി മിക്കവാറും എല്ലാ വർക്ക്ഷീറ്റുകളിലും സാധ്യതകൾ ഒരുക്കിയിട്ടുണ്ട്. ചിത്രം വര, നിറം നൽകൽ, നിർമാണം എന്നിവ ഈ വികാസ മേഖലകൾക്ക് ഊന്നൽ നൽകുന്നവയാണ്. വരച്ചുയോജിപ്പിക്കൽ, വട്ടമിടൽ, പ്രാഗ്ലേഖന പ്രവർത്തനങ്ങൾ എന്നിവ ചെയ്യുമ്പോഴും പേശീവഴക്കം ഉണ്ടാവുന്നുണ്ട്. കീറൽ, മുറിക്കൽ, ഒട്ടിക്കൽ തുടങ്ങിയ അനുഭവങ്ങളിലൂടെയും സൂക്ഷ്മപേശികളുടെ വികാസം സാധ്യമാവുന്നു.

3+ പ്രായത്തിലുള്ള കുട്ടികൾക്ക് സൂക്ഷ്മപേശികളുടെ വഴക്കം കുറവായിരിക്കും. അതിനാൽ അവർക്ക് ചെയ്യാൻ കഴിയുന്ന കുഞ്ഞു കുഞ്ഞു പ്രവർത്തനങ്ങളാണ് 'കളിത്തോണി' യിൽ നിർദേശിച്ചിട്ടുള്ളത്. ഇതു കൂടാതെ സ്ഥൂലപേശീവികാസത്തിനായി ഓട്ടം, ചാട്ടം, പടികൾ കയറിയിറങ്ങൽ, ഇഴയൽ തുടങ്ങി ഒട്ടേറെ അനുഭവപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ ഒരുക്കേണ്ടതുണ്ട്.

4+ കുട്ടികൾക്ക് കുറച്ചുകൂടി സൂക്ഷ്മത ആവശ്യമുള്ള പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണമായി കത്രിക ഉപയോഗിച്ചു കൃത്യമായി മുറിച്ചെടുക്കാനുള്ള പരിശീലനം. ഇതിനായി ശിശു സുരക്ഷിതമായ (Child Safe) കത്രികകൾ ഉപയോഗിക്കുന്നതാണ് നല്ലത്. കുത്തുകളിലൂടെ വരച്ച് ചിത്രം പൂർത്തിയാക്കൽ മറ്റൊരു പ്രവർത്തനമാണ്. ഒന്നാം തരത്തിൽ കുട്ടിക്ക് അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളുമെല്ലാം എഴുതേണ്ടതുണ്ട്. അതിനാൽ 4+ ൽ വച്ച് പ്രാഗ്ലേഖന പ്രവർത്തനങ്ങൾ ധാരാളമായി നൽകണം.

### 2. ഭാഷാവികാസം

ഭാഷണത്തിനാണ് പ്രീസ്കൂൾ കാലഘട്ടത്തിൽ ഏറെ പ്രാധാന്യമുള്ളത്. സങ്കോചവും ഭയവുമില്ലാതെ സംസാരിക്കാൻ കഴിയുന്നതിന് കുട്ടികളെ പ്രാപ്തരാക്കാനാണ് നാം ശ്രമിക്കേണ്ടത്. ഇതിന് എല്ലാ വർക്ക്ഷീറ്റുകളിലും അവസരമുണ്ട്.

ചിത്രവായന, പ്രകൃതിനടത്തം, പാവകളി, റോൾപ്ലേ, കളികൾ, മറ്റ് അനുഭവപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഓരോ കുട്ടിക്കും സംസാരിക്കുവാൻ അവസരം ഒരുക്കേണ്ടതുണ്ട്. ചിത്രങ്ങളിൽ കാണുന്ന കാര്യങ്ങളെക്കുറിച്ചു പറയൽ, വരച്ചതോ നിറം കൊടുത്തതോ ആയ ചിത്രങ്ങളെക്കുറിച്ച് പറയൽ, മറ്റുള്ളവരുടെ ചിത്രങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ പറയൽ, ചെയ്ത കാര്യങ്ങളുടെ യുക്തിയും ന്യായീകരണങ്ങളും അവതരിപ്പിക്കൽ തുടങ്ങിയ ഭാഷണത്തിനുള്ള ഒട്ടേറെ സാധ്യതകൾ വർക്ക് ഷീറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടുണ്ട്.

3+ പ്രായത്തിൽ സ്വന്തം ഗൃഹഭാഷയിലാണ് കുട്ടികൾ ആശയവിനിമയം നടത്തുക. ഈ സന്ദർഭത്തിൽ കളിയാക്കൽ, തടസ്സപ്പെടുത്തൽ, അവഗണിക്കൽ എന്നിവ അധ്യാപികയുടെ ഭാഗത്ത് നിന്നും ഉണ്ടാവരുത്. അത് കുട്ടിയുടെ ആത്മവിശ്വാസം തകർക്കും. സംസാരിക്കാനുള്ള പ്രോത്സാഹനമാണ് ആവശ്യം.

4+ ആകുമ്പോഴേക്കും ഗൃഹഭാഷയിൽ നിന്നും മാനകഭാഷയിലേക്ക് വളരാനാവശ്യമായ മാതൃകകളും അനുഭവങ്ങളും നൽകേണ്ടതുണ്ട്. അത്തരം സാധ്യതകൾ വർക്ക് ഷീറ്റുകൾ അവതരിപ്പിക്കുന്ന ഘട്ടത്തിൽ ബോധപൂർവം പ്രയോജനപ്പെടുത്താൻ നമുക്കാവണം. ഈ ഘട്ടത്തിൽ പ്രാഗ്ലേഖന പ്രവർത്തനങ്ങളും ഒരുക്കുന്ന തരത്തിലാണ് 'കളിത്തോണി'യിലെ വർക്ക്ഷീറ്റുകൾ ക്രമീകരിച്ചിട്ടുള്ളത്.

### 3. വൈജ്ഞാനിക വികാസ മേഖല

ശാസ്ത്ര, ഗണിതശാസ്ത്ര മേഖലയിലുള്ള അനുഭവപ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വലുത്/ചെറുത്, കൂടുതൽ/കുറവ്, അടുത്ത്/അകലെ, നീളം കൂടിയത്/കുറഞ്ഞത്, ഉയരം കൂടിയത്/കുറഞ്ഞത് തുടങ്ങിയ പ്രാഗ് - ഗണിതാശയങ്ങൾ, വസ്തുക്കൾ എണ്ണൽ, പൊരുത്തപ്പെടുത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് മുറിയിൽ ധാരാളം നേരനുഭവങ്ങൾ നൽകിയ ശേഷമാണ് വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തേണ്ടത്.

നിരീക്ഷണം, താരതമ്യം ചെയ്യൽ, സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ, തരംതിരിക്കൽ (വർഗീകരണം), കണ്ടെത്തലുകൾ അവതരിപ്പിക്കൽ തുടങ്ങിയ പ്രക്രിയാശേഷികളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ 'കളിത്തോണി'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചിത്രനിരീക്ഷണങ്ങൾ മാത്രമേ വർക്ക്ഷീറ്റുകളിലൂടെ സാധ്യമാവുകയുള്ളൂ. അതിനാൽ കണ്ടറിയൽ, കേട്ടറിയൽ, മണത്തറിയൽ, രുചിച്ചറിയൽ, തൊട്ടറിയൽ എന്നിവയിലൂടെയെല്ലാമുള്ള നിരീക്ഷണങ്ങൾക്ക് കൂടി അവസരം കിട്ടുന്നതരത്തിൽ പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. യുക്തിചിന്ത, കാര്യകാരണബന്ധങ്ങൾ കണ്ടെത്തിപ്പറയൽ, പാറ്റേണുകൾ രൂപീകരിക്കൽ, വിവിധതരം നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടൽ, ഓർത്തുപറയൽ തുടങ്ങിയ അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കേണ്ടതാണ്.

മൂന്നു വയസ്സുകാർക്ക് ലളിതമായ പ്രാഗ് ഗണിതാശയങ്ങൾ, നിറങ്ങൾ തിരിച്ചറിയൽ, വ്യത്യാസം കണ്ടെത്തൽ, ചിത്രങ്ങൾ കണ്ട് അവയിലെ കാര്യങ്ങൾ പറയൽ, ഒരേ പോലെയുള്ളവ കണ്ടെത്തൽ, കൂട്ടത്തിൽ പെടാത്തവ കണ്ടെത്തി അതിന്റെ കാരണം പറയൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്.

നാല് വയസ്സുകാർക്ക് ഇവയുടെ ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം 1 മുതൽ 5 വരെയുള്ള സംഖ്യാബോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നനിലവാരമുള്ള കുട്ടികൾക്ക് വേണ്ടി വർക്ക്ഷീറ്റുകളിൽ അനുരൂപീകരണം നടത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

### 4. സർഗാത്മക – സൗന്ദര്യാത്മക വികാസം

ചിത്രംവര, നിറം നൽകൽ, നിർമാണം എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ മേഖലയുമായി ബന്ധപ്പെട്ട് കളിത്തോണിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാഷാപരമായ സർഗാത്മകതയും പരിഗണിച്ചിട്ടുണ്ട്.

ചിത്രംവര (സ്വതന്ത്രവും നിയന്ത്രിതവും), നിറം നൽകൽ എന്നിവയെക്കുറിച്ച് മുമ്പ് പരാമർശിച്ചിട്ടുണ്ടല്ലോ. വിവിധതരത്തിലുള്ള നിർമാണങ്ങളുടെ സാധ്യതകൾ ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. മണൽച്ചിത്രങ്ങൾ, വിരൽച്ചിത്രങ്ങൾ, ഇലമൃഗശാല നിർമാണം, പൂക്കൾ നിർമിക്കൽ, ബാഡ്ജ് നിർമാണം, പതാകനിർമാണം, തോരണങ്ങൾ തയാറാക്കൽ തുടങ്ങി കൈവിരൽ പതിപ്പിച്ചുള്ള ചിത്രനിർമാണം, ഇല പ്രിന്റിങ്, പഞ്ഞി, പെൻസിൽ സ്ക്രാപ്പ് തുടങ്ങിയവ ഒട്ടിച്ച് ചിത്രങ്ങൾ പൂർത്തിയാക്കൽ എന്നിങ്ങനെ വൈവിധ്യമാർന്ന നിർമാണസാധ്യതകൾ 'കളിത്തോണി' യിലുണ്ട്.

3+ പ്രായത്തിലുള്ളവർക്ക് താരതമ്യേന ലളിതമായ നിർമാണങ്ങളാണ് നൽകിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ നൽകുമ്പോൾ സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസത്തിനോടൊപ്പം സൂക്ഷ്മ-സ്ഥൂല പേശികളുടെ വഴക്കവും സാധ്യമാവുമല്ലോ. കൂടാതെ സാമൂഹിക വൈകാരിക വികാസത്തിനും ഇവ പ്രയോജനപ്പെടുന്നു. സഹകരണ മനോഭാവവും നേതൃത്വപരമായ പങ്കുവഹിക്കലുമെല്ലാം നേടാൻ കഴിയും വിധം സംഘപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

4+ പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് കുറേകൂടി ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനഷീറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കത്രിക ഉപയോഗിച്ചു മുറിച്ചെടുക്കാനും ഒട്ടിക്കാനും കടലാസുപയോഗിച്ച് പൂക്കൾ, ഒറിഗാമി രൂപങ്ങൾ എന്നിവ നിർമിക്കാനും അവസരം നൽകിയിട്ടുണ്ട്. പ്രകൃതിയിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ, പാഴ് വസ്തുക്കൾ എന്നിവ ഉപയോ

ഗിച്ചുള്ള നിർമാണപ്രവർത്തനങ്ങൾ എന്നിവയും ചെയ്യിക്കണം. എങ്കിലേ കുട്ടിയുടെ സമഗ്രമായ വികാസം സാധ്യമാവുകയുള്ളൂ.

### 5. സാമൂഹിക വൈകാരിക വികാസം

'കളിത്തോണി'യിലെ പ്രവർത്തനങ്ങൾ മിക്കതും വ്യക്തിഗതമായി പൂർത്തീകരിക്കേണ്ടവയാണ്. സാധ്യമായ സന്ദർഭങ്ങളിൽ പരസ്പര സഹായത്തിനുള്ള അവസരങ്ങൾ ഒരുക്കാൻ കഴിയും. നിറം നൽകാനുള്ള ക്രയോണുകൾ കൈമാറാനും നിർമാണപ്രവർത്തനങ്ങളിൽ സംഘം ചേർന്നു പ്രവർത്തിക്കാനും ഒക്കെ അവസരങ്ങളുണ്ടാകുമല്ലോ. ചില പ്രവർത്തനങ്ങളിൽ നിശ്ചിത നിറമുള്ള ക്രയോൺ തന്നെ ആവശ്യമായി വരും. ഉദാ: ഇലകൾക്ക് പച്ചനിറം നൽകൽ. ഒരാൾ നിറം കൊടുത്തു തീരുന്നതുവരെ ഊഴം കാത്തു നിൽക്കാൻ കുട്ടിയെ പ്രേരിപ്പിക്കുവാൻ അധ്യാപികയ്ക്കു കഴിയും. കത്രിക കൊണ്ടു മുറിക്കുന്ന സന്ദർഭങ്ങളിലും ഇങ്ങനെ കാത്തു നിൽക്കേണ്ടി വരാം.

കഥകളിലെ വൈകാരിക മുഹൂർത്തങ്ങളുമായി സ്വന്തം വൈകാരിക അവസ്ഥകളെ പൊരുത്തപ്പെടുത്തുന്നതിലൂടെ സാമൂഹിക വൈകാരിക വികാസം സാധ്യമാക്കാനാവും. വർക്ക് ഷീറ്റ് അവതരണ സന്ദർഭങ്ങളിലെ ആഖ്യാനങ്ങൾ, ക്ലാസിൽ അവതരിപ്പിക്കുന്ന കഥകൾ, കവിതകൾ, കഥാഗാനങ്ങൾ, പാവനാടകങ്ങൾ, റോൾപ്ലേ എന്നിവ സാമൂഹിക വൈകാരിക വികാസത്തിന് കൂടി പ്രയോജനപ്പെടുത്തുന്നിടത്താണ് അധ്യാപിക വിജയിക്കുന്നത്.

### വിലയിരുത്തൽ

ഓരോ വികാസമേഖലയിലും ഓരോ കുട്ടിയും എവിടെ നിൽക്കുന്നു എന്ന് അധ്യാപികയ്ക്ക് തിരിച്ചറിയാനാവണം. കുട്ടിയുടെ വ്യക്തിപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആവശ്യമായ കൈത്താങ്ങ് നൽകാൻ ഇത് അധ്യാപികയെ സഹായിക്കും. കൂടാതെ തന്റെ ആസൂത്രണത്തിലെ പരിമിതികൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്താനും വിലയിരുത്തൽ പ്രവർത്തനങ്ങളിലൂടെ സാധിക്കും. രക്ഷിതാക്കളുടെ ഭാഗത്ത് നിന്ന് കുട്ടിക്ക് ലഭിക്കേണ്ട സഹായങ്ങൾ എന്തൊക്കെയെന്ന് കൃത്യമായി നിർദേശിക്കാനും അധ്യാപികയെ സഹായിക്കുന്നത് നിരന്തര വിലയിരുത്തലിലൂടെ ലഭിക്കുന്ന സൂചനകൾ തന്നെയാണ്.

ഓരോ വർക്ക്ഷീറ്റിലൂടെയും എന്തൊക്കെയാണ് വിലയിരുത്തേണ്ടത് എന്ന് കൈപ്പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തനം നടക്കുമ്പോൾ അധ്യാപിക നടത്തുന്ന നിരീക്ഷണവും വർക്ക്ഷീറ്റ് എന്ന ഉൽപ്പന്നത്തെ വിലയിരുത്തലും വഴിയാണ് നിരന്തരവിലയിരുത്തൽ നടത്തേണ്ടത്. രക്ഷിതാക്കളുമായുള്ള ആശയവിനിമയത്തിലൂടെയും ചില വിലപ്പെട്ട നീരിക്ഷണങ്ങൾ നമുക്ക് ലഭിക്കും.

ഓരോ വർക്ക്ഷീറ്റും ചെയ്തു കഴിഞ്ഞാൽ പ്രദർശനത്തിന് ശേഷം ഓരോ കുട്ടിയുടെയും പോർട്ട് ഫോളിയോ ബാഗിലേക്ക് മാറ്റണം. അവ വിശകലനം ചെയ്യുമ്പോൾ വികാസമേഖലകളിൽ കുട്ടിക്കുണ്ടായ ക്രമാനുഗതമായ വളർച്ച ടീച്ചർക്കും രക്ഷിതാവിനും ബോധ്യപ്പെടാനാവും. വർഷാവസാനം ഇവ ക്രോഡീകരിച്ച് കുട്ടിയെ സംബന്ധിച്ച കൃത്യമായ വിലയിരുത്തൽ തയാറാക്കാനാവില്ലേ?

കുട്ടിക്കും രക്ഷിതാവിനും ആവശ്യമായ ഫീഡ്ബാക്കുകൾ നൽകി മെച്ചപ്പെടുത്താൻ ഇതുവഴി അധ്യാപികയ്ക്ക് സാധിക്കും.

# തീം 21 ക്രിസ്മസ്

നമ്മുടെ നാട്ടിൽ പലതരത്തിലുള്ള ഉത്സവങ്ങളും ആഘോഷങ്ങളുമുണ്ട്. ക്രിസ്മസ് അവയിൽ പ്രധാനപ്പെട്ട ഒരു ആഘോഷമാണ്. പുൽക്കൂടും ക്രിസ്മസ് ട്രീയും ഒരുക്കി വീടുകളിൽ നക്ഷത്ര വിളക്കുകൾ തൂക്കി ക്രിസ്മസിനെ വരവേൽക്കുന്നു. ക്രിസ്മസ് എന്ന് കേൾക്കുമ്പോൾ ക്രിസ്മസ് പപ്പായും ക്രിസ്മസ് ട്രീയും പലനിറത്തിലും രുചിയിലുമുള്ള കേക്കുകളുമാണ് നമ്മുടെ മനസ്സിലേക്ക് ഓടി വരുന്നത്. നാടും നഗരവും ഒരുപോലെ ആഘോഷിക്കുന്ന ക്രിസ്മസിനെക്കുറിച്ച് കൂടുതൽ അറിയാൻ ഈ തീം വിനിമയത്തിലൂടെ സാധിക്കണം. കൂടാതെ വിവിധ വികാസ മേഖലകളുടെ പരിപോഷണവും നടക്കേണ്ടതുണ്ട്. കുട്ടികളിൽ സർഗാത്മകതയും സൗന്ദര്യാത്മകതയും വളർത്തിയെടുക്കാനായി നമുക്ക് പുൽക്കൂടും ക്രിസ്മസ് ട്രീയും നക്ഷത്രങ്ങളും ഒരുക്കി ക്രിസ്മസിനെ വരവേൽക്കാം.

**പ്രവർത്തനക്രമം**

1. സ്വതന്ത്രഭാഷണം
↓
2. വർക്ക്ഷീറ്റ് 21.1 (ക്രിസ്മസ് നക്ഷത്രം)
↓
3. നക്ഷത്രദീപം പാട്ട്
↓
4. വർക്ക്ഷീറ്റ് 21.2 - ക്രിസ്മസ് ട്രീ
↓
5. കഥ-പുൽക്കൂട്ടിൽ പിറന്ന പൈതൽ
↓
6. ചമഞ്ഞുകളി (ക്രിസ്മസ് പപ്പാ)
↓
7. ക്രിസ്മസ് കേക്ക് പങ്കുവെയ്ക്കൽ

## വർക്ക്ഷീറ്റ് 21.1 - ക്രിസ്മസ് നക്ഷത്രം

**വികാസമേഖലകൾ**
- ശാരീരിക ചാലകവികാസം
- വൈജ്ഞാനിക വികാസം

**ശേഷികൾ**
1. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു (13).
2. ചുറ്റുപാടും നിരീക്ഷിച്ച് വ്യത്യസ്ത രൂപങ്ങളിലുള്ള വസ്തുക്കൾ (വട്ടം, ത്രികോണം) കണ്ടെത്തി ചിത്രീകരിക്കാനും നിറം നൽകാനും കഴിയുന്നു (37).

**ആശയം** : ആഘോഷത്തിന്റെ ഭാഗമായി വീടും വിദ്യാലയവും പരസരവും അലങ്കരിക്കുന്നു.

**സാമഗ്രികൾ**
- വർക്ക്ഷീറ്റ്, ക്രയോൺസ്, പെൻസിൽ

**സന്ദർഭം**
- ക്രിസ്മസുമായി ബന്ധപ്പെട്ട സ്വതന്ത്രഭാഷണത്തിനു ശേഷം

**പ്രക്രിയ**

- ആഖ്യാനം :

ചിന്നൂ... മോളേ...

നീ എവിടെയാ...?

ആഹാ! ഇതെന്താ ഈ നിലാവത്ത് ഒറ്റയ്ക്കിരിക്കുന്നത്?

"അമ്മേ... ഞാനീ ആകാശം നോക്കിയിരിക്കുകയാണ്."

"എന്ത് ഭംഗിയാണമ്മേ... ആകാശം കാണാൻ !

മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ!

"ഹായ്! എന്ത് ഭംഗി... ഒത്തിരി നക്ഷത്ര
ങ്ങൾ ഉണ്ടല്ലോ!"

ചിന്നു അമ്മയോട് പറഞ്ഞു.

"മോളു... വാ ആഹാരം കഴിച്ചുറങ്ങാം."

"ശരിയമ്മേ... ദാ വരുന്നു."

ചിന്നു ആഹാരം കഴിച്ച് ഉറങ്ങാൻ കിടന്നു.

ഉറക്കത്തിൽ അവളൊരു സ്വപ്നം കണ്ടു.

അവളും അവളുടെ കൂട്ടുകാരി ആൻമരിയയും ആകാശത്ത് നക്ഷത്രങ്ങൾക്കിടയിലൂടെ പറന്ന് പോകുന്നു.

അവൾ സന്തോഷം കൊണ്ട് ചിരിച്ചു.

"എന്താ മോളേ?" അമ്മ ചോദിച്ചു.

അമ്മേ! അമ്മേ! ഞാൻ നക്ഷത്രങ്ങൾക്കിടയിലൂടെ

പറന്നു... ആൻമരിയയും ഉണ്ടായിരുന്നു.

ഹ! ഹ! ശരി, മോളു കണ്ണടച്ച് ഉറങ്ങിക്കോ...

ശരി അമ്മേ...

ചിന്നു അമ്മയെ കെട്ടിപ്പിടിച്ച് സന്തോഷത്തോടെ കിടന്നുറങ്ങി. രാവിലെ ഉണർന്നു നോക്കിയപ്പോൾ അവളുടെ കുപ്പായം നിറയെ നക്ഷത്രങ്ങൾ അവൾ തുള്ളിച്ചാടി.

ചിന്നു സ്വപ്നത്തിൽ കണ്ട നക്ഷത്രത്തെ നമുക്കും ഒന്ന് വരച്ച് നോക്കിയാലോ! എന്നിട്ട് ഇഷ്ടമുള്ള നിറം നൽകൂ..

- വർക്ക്ഷീറ്റ് 21.1
  - ക്രിസ്മസ് നക്ഷത്രം നൽകുന്നു.
  - കുത്തുകളിലൂടെ വരച്ച് ചിത്രം പൂർത്തിയാക്കുന്നു.
  - ത്രികോണത്തിന് ചുവപ്പ് നിറവും വൃത്തത്തിന് മഞ്ഞ നിറവും നൽകുന്നു.

- **വിലയിരുത്തൽ**
  - കുത്തുകളിലൂടെ ത്രികോണം, വൃത്തം എന്നീ രൂപങ്ങൾ വരയ്ക്കുന്നു. ത്രികോണത്തിന് ചുവപ്പ് **നിറവും വട്ടത്തിന് മഞ്ഞനിറവും നൽകുന്നു.**

## വർക്ക്ഷീറ്റ് 21.2 - ക്രിസ്മസ് ട്രീ

**വികാസമേഖല** ശാരീരികചാലക വികാസം

**ശേഷികൾ** :
1. ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തി സ്വതന്ത്രവും നിയന്ത്രിതവുമായ ലഘു പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു.(2).
2. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു(13)

**ആശയം** • ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.

**സാമഗ്രികൾ** • വർക്ക്ഷീറ്റ്, ക്രയോൺസ്, പെൻസിൽ

**സന്ദർഭം** • നക്ഷത്രദീപം എന്ന പാട്ടിനു ശേഷം.

**പ്രക്രിയ**

- ആഖ്യാനം : ചിന്നുമോൾക്ക് ഇന്ന് അവധിയാണ്. അവൾ മിന്നുവിനെയും ഹന്നയെയും കൂട്ടി കളിക്കാനിറങ്ങി.

നമുക്ക് "ഇവിടെയെല്ലാം ഇന്ന് വൃത്തിയാക്കിയാലോ ശേഷം മുറ്റത്ത് ചെടിയും നടാം." ചിന്നു പറഞ്ഞു.

"പൂന്തോട്ടമൊരുക്കാനാണോ?" ഹന്നയ്ക്ക് സംശയമായി.

"പൂന്തോട്ടം നമുക്ക് പിന്നെ ഒരുക്കാം." ചിന്നു പറഞ്ഞു.

ഒരു ചെടി നടാം. അതിനെ ക്രിസ്തുമസ് ട്രീയാക്കി മാറ്റാം.

"അതിൽ തോരണങ്ങളും നക്ഷത്രങ്ങളും ബലൂണുമൊക്കെ തൂക്കി, ചന്തമുള്ള ക്രിസ്തുമസ് ട്രീ ഉണ്ടാക്കാം." ചിന്നു പറഞ്ഞു.

മിന്നുവും ഹന്നയും അതു സമ്മതിച്ചു.

അങ്ങനെ അവർ ഒരു ചെടി നട്ടു.

അതിൽ തോരണങ്ങളും ബലൂണും കുഞ്ഞുസ്റ്റാറും കുഞ്ഞുമണികളും തൂക്കിയിട്ടു.

"ഹായ്! ഹായ്! എന്ത് ഭംഗിയാ..." ഹന്ന പറഞ്ഞു.

"ശരിയാ.." മിന്നുവും പറഞ്ഞു. മൂവരും സന്തോഷം കൊണ്ട് തുള്ളിച്ചാടി.

"പലഹാരങ്ങൾ കൂടി തൂക്കിയാലോ?" ഹന്ന ചോദിച്ചു.

ശരിയാ, അപ്പോൾ നിറയെ കിളികൾ വരും. അവർ പലഹാരങ്ങളും തൂക്കിയിട്ടു. കിളികൾ വന്നു. നിറയെ കിളികൾ.. അവർക്കു സന്തോഷമായി.

അപ്പോൾ കാറ്റടിച്ചു. മണികൾ ആടി. ണിം... ണിം...ണിം... ശബ്ദം കേട്ട് കിളികൾ പേടിച്ച് പറന്നുപോയി.

നമുക്കും ക്രിസ്മസ് ട്രീ ഭംഗിയാക്കിയാലോ?

- വർക്ക്ഷീറ്റ് 21.2 – ക്രിസ്തുമസ് ട്രീ നൽകുന്നു.
  - ചിത്രത്തിൽ എന്തൊക്കെ? കുട്ടികൾ പറയുന്നു.
  - കുത്തുകളിലൂടെ ചിത്രം പൂർത്തിയാക്കുന്നു.
  - ക്രിസ്മസ് ട്രീയിൽ ബലൂണും, സ്റ്റാറ്റും, മണികളും വരച്ച് ചേർക്കുന്നു.
  - നിറം നൽകുന്നു.

## വിലയിരുത്തൽ

- പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ശരിയായി ഏർപ്പെടാൻ കഴിയുന്നു. ചിത്രം വരച്ച് ചേർക്കുകയോ സ്റ്റിക്കർ യഥാസ്ഥാനത്ത് ഒട്ടിക്കുകയോ ചെയ്യുന്നു. കൃത്യതയോടെ നിറം നൽകുന്നു.

# തീം 22 വാഹനങ്ങൾ

**ആമുഖം**

വാഹനങ്ങൾ പല വിധത്തിലുണ്ട്. റോഡിലൂടെ ചീറിപ്പാഞ്ഞും ഹോണടിച്ചും പോകുന്ന വാഹനങ്ങൾ കുട്ടിയ്ക്ക് എന്നും രസക്കാഴ്ചയാണ്. കരയിലൂടെയും ആകാശത്തിലൂടെയും വെള്ളത്തിലൂടെയും പോകുന്ന വാഹനങ്ങളെ അവർ കൗതുകത്തോടെയാണ് നോക്കി കാണുന്നത്. മിക്ക വാഹനങ്ങളെയും നേരിട്ടു കുട്ടികൾ കണ്ടിട്ടുണ്ട്. കുട്ടികൾ കണ്ടിട്ടില്ലാത്ത വാഹനങ്ങളെ ചിത്രങ്ങളിലൂടെയും വീഡിയോയിലൂടെയും പരിചയപ്പെടുത്തുക, അവയുടെ ഉപയോഗം മനസ്സിലാക്കി കൊടുക്കുക, എന്നതാണ് ഈ തീമിലൂടെ ഉദ്ദേശിക്കുന്നത്. യാത്ര ചെയ്യാനും മറ്റ് ആവശ്യങ്ങൾക്കും വാഹനം ഉപയോഗിക്കുന്നു എന്ന് കുട്ടി മനസ്സിലാക്കണം. വിവിധ വികാസമേഖലയ്ക്ക് പ്രാധാന്യം കൊടുത്ത് കൊണ്ടാണ് ഈ തീമിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ തീമിലൂടെ കുഞ്ഞുങ്ങൾ വാഹനത്തെ കൂടുതൽ അറിയട്ടെ!

**പ്രവർത്തനക്രമം**

1. സ്വതന്ത്രഭാഷണം
↓
2. വർക്ക്ഷീറ്റ് 22.1 എത്രയെത്ര വാഹനങ്ങൾ?
↓
3. തോണിപ്പാട്ട് - പൊന്നുകൊണ്ടു പോളചാർത്തി
↓
4. തീവണ്ടികളി - കളിപ്പാട്ടം പേജ് നമ്പർ 234
↓
5. വർക്ക്ഷീഷറ്റ് 22.2 വട്ടത്തിലാക്കാം
↓
6. തീപ്പെട്ടി തീവണ്ടി നിർമാണം
↓
7. രൂപനിർമിതി- തോണി
↓
8. വാഹനപ്പാട്ടുകൾ

## വർക്ക്ഷീറ്റ് -22.1 എത്രയെത്ര വാഹനങ്ങൾ?

**വികാസമേഖല** : വൈജ്ഞാനിക മേഖല

**ശേഷി** : കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31)

**ആശയങ്ങൾ** :
- പലതരം വാഹനങ്ങളുണ്ട്.
- യാത്ര ചെയ്യുന്നതിനും സാധനങ്ങൾ കൊണ്ടുപോകുന്നതിനും വാഹനങ്ങൾ ഉപയോഗിക്കുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, പെൻസിൽ

**സന്ദർഭം** : വാഹനങ്ങളെക്കുറിച്ചുള്ള സ്വതന്ത്രഭാഷണത്തിനുശേഷം

**പ്രക്രിയ**

- ആഖ്യാനം

കുഞ്ഞനുറുമ്പും ആനയും കൂട്ടുകാരാണ്. ഒരിക്കൽ രണ്ടു പേരും കൂടി നാടു കാണാനിറങ്ങി.. അവർ പഞ്ചവൻ കാട്ടിൽ നിന്നും നടന്നു നടന്ന് നഗരത്തിലെത്തി.

അവർക്ക് ഓരോ കാഴ്ചയും അതിശയമായിരുന്നു. നിറയെ വാഹനങ്ങൾ, ആളുകൾ, ചെറിയ വണ്ടികൾ, വലിയ വണ്ടികൾ! എന്തൊരു തിരക്കാണ്!

പലതരത്തിലുള്ള വാഹനങ്ങളെ കണ്ടപ്പോൾ കുഞ്ഞനുറുമ്പ്, കുഞ്ഞനാനയോടു ചോദിച്ചു "ഇതൊക്കെ എന്തു വണ്ടികളാ ആനക്കുട്ടാ?"

"സൈക്കിൾ, കാർ, ലോറി, ബസ്, ഓട്ടോറിക്ഷ ഇങ്ങനെ ഒരുപാട് വാഹനങ്ങളുണ്ട്. ഇവയൊക്കെ ആളുകൾക്ക് സഞ്ചരിക്കുന്നതിനും സാധനങ്ങൾ കൊണ്ടു പോകുന്നതിനുമാണ് ഉപയോഗിക്കുന്നത്" ആനുക്കുട്ടൻ പറഞ്ഞു.

കുഞ്ഞനുറുമ്പിനു എല്ലാം സംശയമായി! "ഇതിനെല്ലാം പലതരം വണ്ടികൾ വേണോ? ഒരു വണ്ടി പോരേ?" കുഞ്ഞനുറുമ്പു ചോദിച്ചു.

ആകാശത്തിലൂടെ എന്തോ ശബ്ദം കേട്ടപ്പോൾ കുഞ്ഞനുറുമ്പ് പേടിച്ചു പോയി.

അവൻ കുഞ്ഞനാനയുടെ അടുത്തേയ്ക്ക് നീങ്ങിനിന്നു.

കുഞ്ഞനാന സംശയങ്ങളൊക്കെ കുഞ്ഞനുറുമ്പിനു പറഞ്ഞു കൊടുത്തു.

അവർ കണ്ട വാഹനങ്ങളെന്തെല്ലാമെന്ന് നോക്കൂ...

- ഇതിൽ ഏതൊക്കെ വാഹനങ്ങളിലാണ് ആളുകൾ പോകുന്നത്?
- ആളുകൾക്ക് പോകുന്നതിന് വേണ്ടി മാത്രമാണോ വാഹനങ്ങൾ ഉപയോഗിക്കുന്നത്?

- **വർക്ക്ഷീറ്റ് 22.1**

'എത്രയെത്ര വാഹനങ്ങൾ?' നൽകുന്നു.

- വാഹനങ്ങളുടെ പേര് പറയുന്നു.
- ഓരോ വാഹനങ്ങളെയും തിരിച്ചറിയുന്നു.
- ഓരോ വാഹനങ്ങൾക്കും അനുയോജ്യമായവ വരച്ചുചേർക്കുന്നു.
- സഞ്ചരിക്കുന്നതിനുള്ള വാഹനങ്ങളുടെ പേരും സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള വാഹനങ്ങളുടെ പേരും പറയുന്നു.

- **ആഖ്യാനം തുടർച്ച**

കുഞ്ഞനറുമ്പിനു നഗരം തീരെ ഇഷ്ടമായില്ല.

അവൻ കുഞ്ഞനാനയോട് പറഞ്ഞു നമുക്ക് കാട്ടിലേയ്ക്ക് തന്നെ തിരിച്ചു പോകാം. കാടാണ് നല്ലത്!

അവർ തിരിച്ച് പഞ്ചവൻ കാട്ടിലേക്ക് യാത്രയായി.

## വിലയിരുത്തൽ

- യാത്ര ചെയ്യുന്നതിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ പേരുകൾ പറയാൻ കഴിയുന്നു.
- സാധനങ്ങൾ കൊണ്ടു പോകുന്നതിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ പേരുകൾ പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് -22.2 വട്ടത്തിലാക്കാം

**വികാസമേഖലകൾ** :
- ശാരീരിക ചാലകവികാസം
- വൈജ്ഞാനികവികാസം

**ശേഷി**
- വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയുന്നു (39).

**ആശയം**
- പലതരം വാഹനങ്ങളുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്, പെൻസിൽ

**പ്രക്രിയ**

- പാട്ട്

അനിയനുണ്ട് വണ്ടി
രണ്ടു ചക്രവണ്ടി
മണിയടിച്ചു നീങ്ങും
നല്ല സൈക്കിൾ വണ്ടി!
ഏട്ടനുണ്ട് വണ്ടി
രണ്ടു ചക്രവണ്ടി
കുതിച്ചു കുതിച്ചു പായും
നല്ല സ്കൂട്ടർ വണ്ടി!
അച്ഛനുണ്ട് വണ്ടി
മൂന്നു ചക്രവണ്ടി
മൂളി മൂളി പോകും
നല്ല ഓട്ടോ വണ്ടി!
മാമനുണ്ട് വണ്ടി
നാലുചക്രവണ്ടി
ചീറിപാഞ്ഞുപോകും
നല്ല ചന്തമുള്ള കാറ്!

- **വർക്ക്ഷീറ്റ് 22.3** 'വട്ടത്തിലാക്കാം' നൽകുന്നു.
  - വാഹനങ്ങൾ പാർക്കു ചെയ്യാൻ പ്രത്യേക സ്ഥലങ്ങളുണ്ട്.
- **ചിത്രവായന**
  - ചിത്രത്തിൽ ഏതെല്ലാം വാഹനങ്ങളുണ്ട്?

  ടീച്ചറുടെ നിർദേശാനുസരണം വാഹനങ്ങളെ കൂട്ടങ്ങളാക്കുന്നു.

  സൈക്കിളുകളെ നാലെണ്ണം വീതമുള്ളവയാക്കി വട്ടത്തിലാക്കൂ. ഇതേപോലെ സ്കൂട്ടർ (3), ഓട്ടോറിക്ഷ (2), കാർ (1) എന്നിവയും നിർദ്ദേശാനുസരണം വട്ടത്തിലാക്കുന്നു.

## വിലയിരുത്തൽ

- നിർദ്ദേശാനുസരണം കൂട്ടങ്ങളാക്കാൻ (1,2,3,4 കൂട്ടങ്ങൾ) കഴിയുന്നുണ്ട്.

# തീം 23 എന്റെ ഗ്രാമം

**ആമുഖം**

നമുക്ക് അറിയുന്നതും അറിയാത്തതുമായ ധാരാളം കാര്യങ്ങൾ തന്റെ നാട്ടിലുണ്ട് എന്ന ധാരണ കുട്ടികളിൽ രൂപപ്പെട്ടു വരേണ്ടതുണ്ട്. ജീവജാലങ്ങൾ, സസ്യങ്ങൾ, മരങ്ങൾ, വീടുകൾ, വിവിധ സ്ഥാപനങ്ങൾ, വാഹനങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള അവബോധവും കുഞ്ഞുങ്ങളിൽ വളർത്തേണ്ടിയിരിക്കുന്നു. ഇവയോടൊപ്പം ചിത്രങ്ങൾ നിരീക്ഷിച്ച് ആശയങ്ങൾ കണ്ടെത്താനും നിറം കൊടുക്കുവാനും കേട്ട കാര്യങ്ങൾ ഓർത്തെടുക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വികസിക്കണം. സ്വന്തം നാടിനോട് സ്നേഹവും നാടിനെ കുറിച്ച് കൂടുതൽ അറിയാനുള്ള ആഗ്രഹവും തീമിലൂടെ കുട്ടികൾക്ക് ലഭിക്കട്ടെ!

**പ്രവർത്തനക്രമം**

1. സ്വതന്ത്ര ഭാഷണം (യാത്രാനുഭവങ്ങൾ)
   ↓
2. സാമ്യവ്യത്യാസം പറയാം (ICT ദൃശ്യം – പട്ടണം, ഗ്രാമം)
   ↓
3. ആയിത്തീരൽ കളി (വിവിധ തൊഴിൽ ചിത്രങ്ങൾ നോക്കി അനുകരിക്കൽ)
   ↓
4. മൺത്തടം ഒരുക്കൽ (നാട്)
   ↓
5. വർക്ക്ഷീറ്റ് 23.1 'എന്റെ നാട്'
   ↓
6. ചിത്രആൽബം (പ്രകൃതി ദൃശ്യങ്ങൾ)
   ↓
7. വർക്ക്ഷീറ്റ് 23.2 – 'മാളുവിന്റെ നാട്'
   ↓
8. വർക്ക്ഷീറ്റ് 23.3 – 'മുകളിലാര്? താഴെയാര്?'
   ↓
9. പാട്ട് (ഗ്രാമക്കാഴ്ചകൾ)

## വർക്ക്ഷീറ്റ് –23.1 എന്റെ നാട്

**വികാസമേഖലകൾ** :
- ശാരീരിക ചാലകവികാസം
- സർഗാത്മക സൗന്ദര്യാത്മക വികാസം

**ശേഷികൾ** :
1. സ്വതന്ത്രമായി ചിത്രം വരച്ചു നിറം നൽകാൻ കഴിയുന്നു (5).
2. പ്രകൃതിയെ ആസ്വദിക്കാനും ചിത്രങ്ങളിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു (79).
3. പല വസ്തുക്കൾ ഉപയോഗിച്ച് പ്രിന്റിംഗ്, സ്പ്രേവർക്ക് എന്നിവ ചെയ്യാൻ കഴിയുന്നു.

**ആശയം** : എന്റെ വീടിനു ചുറ്റും അയൽവീടുകൾ, മരങ്ങൾ, ജീവജാലങ്ങൾ, കുന്നുകൾ, പുഴകൾ എന്നിവയുണ്ട്.

**സാമഗ്രികൾ** : പെൻസിൽ, ക്രയോൺ, ചായം, ഇല, പച്ചക്കറി

**സന്ദർഭം** : നാടുകാണൽ (ടീച്ചർ കുട്ടികളോടൊപ്പം ഏറ്റവും അടുത്തു താമസിക്കുന്ന കുട്ടിയുടെ വീട്ടിൽ/സ്കൂൾ പരിസരത്ത് പോകുന്നു) കണ്ട കാര്യങ്ങൾ (വാഹനങ്ങൾ, വീടുകൾ, കടകൾ, പുഴ, തോട്, മരം, ചെടികൾ പാലം, കുളം, ആളുകൾ, കൃഷി, റോഡുകൾ) കുട്ടികൾ പറയുന്നു.

പ്രക്രിയ

- **സ്വതന്ത്രഭാഷണം** — പ്രകൃതി നടത്തത്തിൽ കണ്ട കാഴ്ചകൾ കുട്ടികൾ പറയുന്നു. സ്വന്തം വീടും അതിനു ചുറ്റുമുള്ള കാര്യങ്ങളും വരച്ച് നിറം നൽകുന്നു.
- **വർക്ക്ഷീറ്റ് 23.1** — 'എന്റെ നാട്' നൽകുന്നു. ഇഷ്ടാനുസരണം മരത്തിന്റെ ചിത്രത്തിൽ പ്രിന്റിംഗിന് അവസരം നൽകുന്നു.

  പ്രകൃതി നടത്തിൽ ശേഖരിച്ച ഇല/പച്ചക്കറി/വിരൽ ഉപയോഗിച്ച് പ്രിന്റിംഗും ചെയ്യാവുന്നതാണ്.

## വിലയിരുത്തൽ

- ഓർമ്മയിൽ നിന്നും സ്വതന്ത്രമായി സ്വന്തം വീടും പരിസരവും വരയ്ക്കാൻ കഴിയുന്നു.
- ശ്രദ്ധയോടു കൂടി നിറവും പ്രിന്റിംഗും ചെയ്യാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് -23.2 മുത്തശ്ശിയുടെ നാട്

**വികാസമേഖലകൾ** :
- ഭാഷാവികാസം
- ശാരീരികചാലകവികാസം

**ശേഷികൾ** :
1. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് പ്രാഗ്വായന ആശയങ്ങൾ പറയാൻ കഴിയുന്നു (14).
2. സ്വതന്ത്രമായി ചിത്രം വരച്ച് നിറം നൽകാൻ കഴിയുന്നു (5).

**ആശയം** : എന്റെ വീടിന് ചുറ്റും അയൽവീടുകൾ, മരങ്ങൾ, ജീവജാലങ്ങൾ, കുന്നുകൾ, പുഴകൾ എന്നിവയുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : പ്രകൃതി ദൃശ്യങ്ങൾ അടങ്ങിയ ചിത്രവായനയ്ക്ക് ശേഷം

പ്രക്രിയ

- ആഖ്യാനം : മാളുവും മാളുവിന്റെ ടീച്ചറും കൂട്ടുകാരികളും പട്ടണത്തിലാണ് താമസിക്കുന്നത്. ഇന്ന് അവർ മാളുവിന്റെ മുത്തശ്ശിയുടെ നാട്ടിലേക്ക് വരികയാണ്. ഗ്രാമക്കാഴ്ചകൾ കാണാനാണ് എല്ലാവരും വരുന്നത്.

  വലിയൊരു പുഴ. പുഴ കടന്നുവേണം മുത്തശ്ശിയുടെ നാട്ടിലേയ്ക്ക് പോകാൻ. പുഴയ്ക്ക് കുറുകെ ഒരു പാലമുണ്ട്. പാലത്തിലൂടെ മുത്തശ്ശിയുടെ വീട്ടിലേയ്ക്ക് പോകാനാണ് ആദ്യം തീരുമാനിച്ചത്. പുഴയിലൂടെ ആളുകളുമായി വരുന്ന വള്ളം കണ്ടപ്പോൾ എല്ലാവർക്കും വള്ളത്തിൽ പോയാൽ മതി എന്നായി. പിന്നെ അവരെല്ലാം തോണിയിലായി യാത്ര. വള്ളക്കാരൻ നീണ്ട മുളങ്കമ്പു ആഴത്തിൽ കുത്തി തള്ളി, വഞ്ചി മുന്നോട്ടു നീങ്ങി. നല്ല തെളിഞ്ഞ വെള്ളം! പുഴക്കരയിൽ നിരനിരയായി തെങ്ങുകൾ. പുഴയിൽ തലകീഴായി തെങ്ങിന്റെ നിഴൽ. കാണാൻ നല്ല രസം! പുഴ കടന്ന്, പാടം കടന്ന്, അവർ ഒരു വലിയ കവലയിലെത്തി. അവിടെ അമ്പ

ലവും പള്ളിയുമെല്ലാം അടുത്തടുത്ത്. ചെറിയ കടകൾ. എന്തെല്ലാം കാഴ്ചകൾ! എല്ലാവരും കൗതുകകരമായ കാഴ്ചകൾ കണ്ട് നടന്നു. ടീച്ചർ എല്ലാ കാഴ്ചകളും മൊബൈലിൽ പകർത്തുന്നുണ്ടായിരുന്നു.

ഗ്രാമകാഴ്ചകൾ കണ്ട് വൈകുന്നേരം എല്ലാവരും വീട്ടിലേക്ക് മടങ്ങി.

പിറ്റേന്ന് സ്കൂളിൽ എത്തിയപ്പോൾ ടീച്ചർ മാളുവിന്റെ മുത്തശ്ശിയുടെ നാടിന്റെ ചിത്രം എല്ലാവർക്കും കൊടുക്കാനായി എടുത്തു.

"അയ്യയ്യോ! ഇത് നോക്കൂ. ചിത്രത്തിൽ ചില ഭാഗങ്ങളിലെ നിറം മാഞ്ഞു പോയല്ലോ! നമുക്ക് ചേരുന്ന നിറം നൽകി ഇത് ഭംഗിയാക്കിയാലോ?

• വർക്ക്ഷീറ്റ് 23.2 — 'മുത്തശ്ശിയുടെ നാട്' നൽകുന്നു. നിറമില്ലാത്ത ഭാഗങ്ങളിൽ നിറം നൽകി ചിത്രം പൂർത്തിയാക്കുന്നു. മാളുവിന്റെ നാട്ടിലെ കാഴ്ചകൾ വിവരിക്കുന്നു.

**വിലയിരുത്തൽ**
- വസ്തുക്കൾ നിരീക്ഷിച്ചു കണ്ടെത്തി പറയാൻ കഴിഞ്ഞു.
- സൂക്ഷ്മതയോടെ നിറം കൊടുക്കാൻ കഴിഞ്ഞു.

## വർക്ക്ഷീറ്റ് –23.3 മുകളിലാര് ? താഴെയാര് ?

**വികാസമേഖലകൾ** :
- വൈജ്ഞാനിക വികാസം
- ഭാഷാ വികാസം

**ശേഷികൾ** :
1. ഗണിതധാരണകളുടെ അടിസ്ഥാനത്തിൽ നിരീക്ഷിച്ച് സ്ഥാനം പറയുന്നു ( ).
2. ചിത്രങ്ങൾ കണ്ട് ആശയങ്ങൾ പറയാൻ കഴിയുന്നു (4).

**ആശയം**
- എന്റെ വീടിന് ചുറ്റും അയൽവീടുകൾ, മരങ്ങൾ, ജീവജാലങ്ങൾ, കുന്നുകൾ, പുഴകൾ എന്നിവയുണ്ട്.

**സാമഗ്രി** : വർക്ക്ഷീറ്റ്

**സന്ദർഭം** : മുത്തശ്ശിയുടെ നാട്ടിലേക്ക് എന്ന കഥയ്ക്കു ശേഷം.

**പ്രക്രിയ**

• ആഖ്യാനം — മുത്തശ്ശിയുടെ നാട്ടിൽ നിന്നും മാളു വീട്ടിലെത്തി. മിന്നു പൂച്ച എവിടെ? കാണുന്നില്ലല്ലോ? ഞാൻ വരുമ്പോൾ ഓടിയെത്തി, കാലിൽ മുട്ടിയുരുമ്മാറുള്ളതാണല്ലോ. 'എന്തു പറ്റി?' ബൗ...ബൗ... ടോമി വീടിന് മുകളിലേക്ക് നോക്കി കുരയ്ക്കുകയാണ്. എന്തിനാ ടോമി കുരയ്ക്കുന്നത്?

• **വർക്ക്ഷീറ്റ് 23.3** — 'മുകളിലാര്?' താഴെയാര്? വർക്ക്ഷീറ്റ് നൽകുന്നു.

• ചിത്രവായന
- ചിത്രത്തിലെന്തെല്ലാം?
- മിന്നുപൂച്ച എവിടെയാണ്?
- ടോമി എവിടെ?


• ആഖ്യാനം തുടർച്ച — ബഹളം കേട്ട് കാക്ക പറന്നു. വലിയ മരത്തിന്റെ ഏറ്റവും മുകളിൽ ഇരുന്നു.
- ഏതാണ് വലിയ മരം?
- എവിടെയാവും കാക്കച്ചി ഇരുന്നത്?

- ആഖ്യാനം (തുടർച്ച)

കാക്കയെ കണ്ട ടോമി മരച്ചുവട്ടിൽ വന്ന് മുകളിലേക്ക് നോക്കി കുരയ്ക്കാൻ തുടങ്ങി മരത്തിന് ചുവട്ടിൽ ഉണ്ടായിരുന്ന ഉറുമ്പ് ഒറ്റക്കടി! ബൗ..... ബൗ.... ടോമി കരച്ചിലോട് കരച്ചിൽ

- ഉറുമ്പ് എവിടെയായിരുന്നു?

- ആരാ ഒളിഞ്ഞിരിക്കുന്നത്? ചിത്രത്തിൽ നിറം ഇല്ലാത്ത ഭാഗത്ത് നിറം കൊടുത്തു.




## വിലയിരുത്തൽ

- മുകളിൽ, താഴെ, വലുത്, ചെറുത് എന്നിങ്ങനെ ചിത്രത്തിൽ നിന്നും പറയാൻ കഴിയുന്നു.

# തീം 24 പൊതുസ്ഥാപനങ്ങൾ

**ആമുഖം**

പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്ന പൊതു ഇടങ്ങളാണ് പൊതുസ്ഥാപനങ്ങൾ. പല പൊതു സ്ഥാപനങ്ങളും കുട്ടികൾ കണ്ടിട്ടുണ്ടാകും. പക്ഷേ അവയുടെ പേരും വിശദമായ വിവരങ്ങളും കുട്ടികൾക്ക് അറിവുണ്ടായിരിക്കില്ല. തന്റെ നാട്ടിൽ ഉള്ള സ്കൂൾ, അങ്കണവാടി, ബാങ്ക്, ആശുപത്രി, പോസ്റ്റ് ഓഫീസ് തുടങ്ങിയവ പൊതുസ്ഥാപനങ്ങൾ ആണെന്ന് കുട്ടി അറിയേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനങ്ങളാണ് ഈ തീമിലൂടെ ഒരുക്കിയിരിക്കുന്നത്. സ്വാനുഭവങ്ങൾ, നിരീക്ഷണങ്ങൾ, റോൾപ്ലേ, വഴി കണ്ടെത്തൽ, കഥാനുഭവങ്ങൾ എന്നിവയിലൂടെ പൊതുസ്ഥാപനങ്ങളെക്കുറിച്ചുള്ള ആശയങ്ങൾ കുട്ടികളിൽ രൂപീകൃതമാകുന്നു. അതോടൊപ്പം സാമൂഹിക- വൈകാരിക - വൈജ്ഞാനിക - ഭാഷാപര - ശാരീരിക ചാലക വികാസങ്ങൾ ലഭിക്കത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ തീമിൽ ഒരുക്കിയിരിക്കുന്നത്. പൊതുസ്ഥാപനങ്ങളെക്കുറിച്ചുള്ള കൂടുതൽ നേരറിവുകൾ ലഭിക്കാൻ ഈ തീമിലൂടെ കുട്ടിയ്ക്ക് കഴിയട്ടെ!

**പ്രവർത്തനക്രമം**

1. സ്വതന്ത്രഭാഷണം
↓
2. പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ, കണ്ടത് പറയൽ
↓
3. കഥ - ചോട്ടുവിന് വയറുവേദന
↓
4. റോൾ പ്ലേ - ടീച്ചർ കുട്ടി
↓
5. വർക്ക്ഷീറ്റ് 24 ചന്തയിലേക്ക്
↓
6. മുഖമൂടി നിർമാണം
↓
7. വർക്ക്ഷീറ്റ് 24.2 എനിക്കും വേണം ബലൂൺ

## വർക്ക്ഷീറ്റ് -24.1 ചന്തയിലേക്ക്

**വികാസമേഖലകൾ** :
- ശാരീരിക - ചാലക വികാസം
- വൈജ്ഞാനികവികാസം

**ശേഷികൾ** :
1. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31)
2. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു (13).

**ആശയം** : മീൻ, പച്ചക്കറികൾ എന്നിവ ചന്തയിൽ നിന്ന് വാങ്ങുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺ, പെൻസിൽ

**സന്ദർഭം** : ടീച്ചർ, കുട്ടി റോൾപ്ലേയ്ക്ക് ശേഷം.

**പ്രക്രിയ**

- ആഖ്യാനം : കിങ്ങിണിപ്പൂച്ചയ്ക്ക് നല്ല വിശപ്പ്! അടുക്കള ഭാഗത്തെങ്ങാനും ചെന്നാൽ ടോമി പ്പട്ടി ഓടിക്കും!

എന്തു ചെയ്യും?
കിങ്ങിണി പുറത്തിറങ്ങി!
കുറച്ചു ദൂരം നടന്നപ്പോൾ
പുൽച്ചെടികൾക്കിടയിൽ ഒരനക്കം!
വല്ല എലിയോ മറ്റോ ആവും.
അവൾ പതുങ്ങി പതുങ്ങി ചെന്നു.
അടുത്തെത്തിയപ്പോൾ പുല്ലുകൾക്കിടയിൽ നിന്നും രണ്ടു നീണ്ട ചെവികൾ പുറത്തു വന്നു.
"ഓ നീയായിരുന്നോ ചിന്നാ,"
ചിന്നൻ മുയലിനോട് കിങ്ങിണി ചോദിച്ചു.
എലിയാണെന്നു കരുതി ഞാൻ നിന്റെ മേൽചാടി വീണേനെ.
'വിശന്നിട്ടു വയ്യ' ചിന്നൻ പറഞ്ഞു.
ഒരു ക്യാരറ്റ് കിട്ടിയിരുന്നെങ്കിൽ....
ഒരു മീൻ തിന്നിട്ട് 'എത്ര നാളായി?'
കിങ്ങിണി പൂച്ചയും പറഞ്ഞു.
ഇതെല്ലാം മരക്കൊമ്പിലിരുന്ന "കാക്കച്ചിയമ്മ കേൾക്കുന്നുണ്ടായിരുന്നു."
"ചന്തയിൽ പോയാൽ ക്യാരറ്റും മീനും കിട്ടും" കാക്കച്ചി പറഞ്ഞു.
'ചന്തയോ! അതെവിടെയാ?'
കിങ്ങിണിയും ചിന്നനും ഒരുമിച്ചു ചോദിച്ചു.
അതാ ആ പുഴക്കരയിലൂടെ നടന്നാൽ മൈതാനത്ത് എത്തും. അവിടെയാണ് ചന്ത.
അങ്ങനെ അവർ ചന്തയിലേക്ക് പുറപ്പെട്ടു.

- വർക്ക്ഷീറ്റ് 24.1 'ചന്തയിലേക്ക്' നൽകുന്നു.
- ചിത്രവായന
  - കിങ്ങിണിപൂച്ച എവിടെയാണ്?
  - ചിത്രത്തിൽ മറ്റേതൊക്കെ ജീവികൾ?
  - ചന്തയിൽ മീൻ വിൽക്കുന്നതാരാണ്?
  - വഴി കാണിക്കാമോ?

## വിലയിരുത്തൽ

- ചിത്രത്തിലെ കാര്യങ്ങൾ കണ്ടെത്തി പറയാൻ കഴിയുന്നുണ്ട്.
- ജീവികളുടെ ആഹാരം തിരിച്ചറിഞ്ഞ് ചന്തയിലേക്കുള്ള വഴി കണ്ടെത്തി വരയ്ക്കാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് -24.2 എനിക്കും വേണം ബലൂൺ

**വികാസമേഖലകൾ** :
- ഭാഷാവികാസം
- സർഗ്ഗാത്മക-സൗന്ദര്യാത്മക വികാസം

**ശേഷികൾ** :
1. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ് വായന) ആശയങ്ങൾ പറയാൻ കഴിയുന്നു (15)
2. പല വസ്തുക്കൾ ഉപയോഗിച്ച് പ്രിന്റിങ്, സ്പ്രേവർക്ക് എന്നിവ ചെയ്യാൻ കഴിയുന്നു.

**ആശയം** : എന്റെ നാട്ടിൽ പൊതുയിടങ്ങൾ ഉണ്ട്.

**സാമഗ്രി** : വർക്ക്ഷീറ്റ്.

**സന്ദർഭം** : മുഖം മൂടി നിർമാണത്തിനുശേഷം.

**പ്രക്രിയ**

- ആഖ്യാനം : കിങ്ങിണി പൂച്ചയും മുയലും ചന്തയിൽ പോയി, ക്യാരറ്റും മീനും വാങ്ങി വീട്ടിലേക്ക് തിരിച്ചു.

  'ഹോ! മീൻ കണ്ടപ്പോൾ തന്നെ എനിക്ക് കൊതിയായി' കിങ്ങിണി പൂച്ച പറഞ്ഞു.

  'ശരിയാ കിങ്ങിണി. എനിക്കും അങ്ങനെ തന്നെ മുഴുവൻ ക്യാരറ്റും വാങ്ങിയാലോ എന്ന് തോന്നിയതാണ്. നമുക്ക് നാളെയും വരാമേ'. ചിന്നൻ മുയൽ പറഞ്ഞു.

  'ദേ,... ചിന്നാ എവിടുന്നാ കുട്ടികളുടെ ബഹളം കേൾക്കുന്നത്?' "ശരിയാണല്ലോ... കിങ്ങിണി വാ, നമുക്ക് പോയി നോക്കാം". കിങ്ങിണിയും ചിന്നനും കൂടി അങ്ങോട്ട് നടന്നു...

  ഹായ്! ഊഞ്ഞാൽ...കളിവണ്ടികൾ... ഇത് പാർക്കാണല്ലോ. കിങ്ങിണി വാ, നമുക്കും പോയി കളിക്കാം.

  കിങ്ങിണിയും ചിന്നനും കുട്ടികൾക്കൊപ്പം കളിക്കാൻ തുടങ്ങി. അപ്പോൾ ഒരു ബലൂൺ കച്ചവടക്കാരൻ ആ വഴി വന്നു. ബലൂൺ കണ്ടപാടെ ചിന്നൻ ഓടിച്ചെന്ന്, ബലൂൺ ചാടി പിടിച്ചു. കെട്ട് പൊട്ടി ബലൂൺ എല്ലാം പറന്ന് പോയി. കിങ്ങിണിക്ക് വിഷമം ആയി. പറന്നു പോയ ബലൂണുകൾ പല സ്ഥലങ്ങളിലായി വീണു. ബലൂണുകൾ എടുക്കാൻ കുട്ടികൾ എല്ലാം ഓടി വന്നു.

  എവിടെയൊക്കെയാണ് ബലൂൺ കിടക്കുന്നത്? ഒന്ന് കണ്ടെത്തിയാലോ...

വർക്ക്ഷീറ്റ് 24.2 – "എനിക്കും വേണം ബലൂൺ" നൽകുന്നു.

ചിതത്രവായന
- ചിത്രത്തിൽ എന്തെല്ലാം?
- പാർക്കിന്റെ പല ഭാഗത്തായി കെട്ട് പൊട്ടിക്കിടക്കുന്ന ചരടിന്റെ അറ്റത്ത് ബലൂൺ വരച്ചു ചേർക്കുന്നു.
- കെട്ടിന്റെ ഭാഗത്തായി വിരിൽ ചായം മുക്കി പ്രിന്റിംഗ് ചെയ്യുന്നു. മറ്റ് വസ്തുക്കളും പ്രിന്റിംഗിനായി പ്രയോജനപ്പെടുത്താം.

വിലയിരുത്തൽ
- ചിത്രത്തിലെ കാര്യങ്ങൾ കണ്ടെത്തി പറയാൻ കഴിയുന്നു.
- ബലൂൺ വരയ്ക്കുന്നു (പ്രാഗ് ലേഖനം)

# തീം 25 കലകൾ, പ്രാദേശിക ഉത്സവങ്ങൾ

**ആമുഖം**

വൈവിധ്യമാർന്ന കലകളുടെ നാടാണ് കേരളം. കുട്ടികളിൽ കലാസ്വാദനവും സർഗാത്മകതയും ചെറുപ്പത്തിലെ തന്നെ വളർത്തിയെടുക്കേണ്ടതുണ്ട്. കലകളെപ്പറ്റിയും കലകൾ നമ്മുടെ ജീവിതവുമായും നാടുമായും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നതിനെപ്പറ്റിയും കുട്ടികളെ മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട്. കേവലം ഉത്സവങ്ങളെയും കലകളെയും പരിചയപ്പെടുത്തലല്ല ഈ തീമിലൂടെ ഉദ്ദേശിക്കുന്നത്. കലകൾ നാടിന്റെ സംസ്കാരമാണെന്നും ഒരു ജനതയുടെ കൂട്ടായ്മയുടെ ഫലമാണെന്ന് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ് ചെയ്യുന്നത്. ഈ തീമിൽ ഒരുക്കിയിരിക്കുന്ന പ്രവർത്തനങ്ങളിൽ ഏറെയും വൈജ്ഞാനിക, ശാരീരിക, ഭാഷാപര വികാസത്തിന് പ്രാധാന്യം നൽകുന്നതാണ്. നാടിന്റെ ഉത്സവങ്ങളും കലകളും അറിഞ്ഞും നമ്മുടെ കുട്ടികൾ വളരട്ടെ! അതിനുള്ള ഒരു മുന്നൊരുക്കം നൽകാൻ ഈ തീമിനു കഴിയട്ടെ!

**പ്രവർത്തനക്രമം**

1. ആംഗ്യപ്പാട്ട് (അമ്പലമുറ്റത്താന നിരന്നു)
   ↓
2. പേരുപറയൽ (വാദ്യോപകരണങ്ങൾ - വീഡിയോ ചിത്രം കണ്ട്)
   ↓
3. വർക്ക്ഷീറ്റ് 25.1 കൂട്ടുകാരനെ കണ്ടെത്താമോ?
   ↓
4. എന്റെ പീപ്പി - പപ്പായതണ്ട് പീപ്പി നിർമാണം
   ↓
5. ഉൽസവമേളം അവതരിപ്പിക്കൽ
   ↓
6. താളം പിടിക്കുവിൻ നൃത്തം ചെയ്യുവിൻ (ഉത്സവത്തിന്റെ വീഡിയോ ഓഡിയോ കണ്ടും കേട്ടും)

## വർക്ക്ഷീറ്റ് -25.1 കൂട്ടുകാരനെ കണ്ടെത്താമോ?

**വികാസമേഖലകൾ** : ശാരീരികചാലകവികാസം
വൈജ്ഞാനിക വികാസം

**ശേഷി** : പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ/ജീവജാലങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു (30). (നിറം, വലുപ്പം, ആകൃതി, മണം, ശബ്ദം, രുചി, മിനുസം)

**ആശയം** : ഉത്സവങ്ങളുമായി ബന്ധപ്പെട്ട് വാദ്യോപകരണങ്ങൾ ഉണ്ട്.

**സാമഗ്രി** : വർക്ക്ഷീറ്റ്

**സന്ദർഭം** : ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തി വാദ്യോപകരണങ്ങളുടെ ചിത്രവും വീഡിയോയും കാണിച്ചശേഷം.

**പ്രക്രിയ**

- ആഖ്യാനം

ചന്തുക്കുട്ടൻ പതിവിലും നേരത്തെ എണീറ്റു
അമ്മേ.... അമ്മേ......
അവൻ അമ്മയെ അന്വേഷിച്ച് അടുക്കളയിലെത്തി....

അമ്മ : 'എന്താ ചന്തു? രാവിലെ തന്നെ അടുക്കളയിൽ...'

ചന്തു : 'അമ്മേ.... ഇന്ന് എനിക്ക് സ്കൂളിൽ പോകണ്ട ല്ലോ.'

അമ്മ : 'ശരിയാ.... ഇന്ന് ഞായറാഴ്ച അല്ലേ?'

ചന്തു : 'അതെ അമ്മേ.... നമുക്ക് ഇന്ന് ഉത്സവം കാണാൻ പോയാലോ? കഴിഞ്ഞ വർഷം സ്കൂളിൽ പോയത് കാരണം അമ്മ കൊണ്ട് പോയില്ല'.

അമ്മ : ഇന്ന് നമുക്ക് പോകാം.

ചന്തു : എന്റെ ചക്കര അമ്മ.... മിന്നുചേച്ചിയും ഞാനും വേഗം റെഡിയായി വരാം. അമ്മ മുത്തശ്ശി യോട് വേഗം ഇറങ്ങാൻ പറയണേ....

അമ്മ : കാപ്പി കുടിച്ചിട്ട് പോകാം.

ചന്തു : ശരിയമ്മേ.

എല്ലാവരും ഉൽസവപറമ്പിലെത്തി. കളിപ്പാട്ട ങ്ങൾ, ബലൂണുകൾ, പൊരി, എന്തെല്ലാം സാധ നങ്ങൾ!

ഹായ്! ഹായ് ചന്തുക്കുട്ടൻ തുള്ളിച്ചാടി.. ബലൂൺ വാങ്ങാനായി ചന്തുക്കുട്ടൻ ഓടി....

ഡും... ഡും... ഡും...

പീ.... പീ.... പീ....

ചിങ്.... ചിങ്.... ചിങ്....

ഈ ശബ്ദങ്ങളെല്ലാം കേട്ട് ചന്തുക്കുട്ടൻ തിരിഞ്ഞ് നോക്കി....

ചന്തു : അമ്മേ എന്താ ഈ ശബ്ദം? നല്ല രസമുണ്ട് കേൾക്കാൻ.

അമ്മ : മോനേ അത് ചെണ്ടമേളമാണ്. വാദ്യോപകര ണങ്ങൾ ഉപയോഗിച്ചുള്ള മേളം.

ചന്തു : എന്നാ വേഗം വാ അമ്മേ എനിക്ക് അത് കാണ ണം.

(ചന്തു ചെണ്ടമേളം കാണാനായി ഓടി...)

ചിന്നു : ചന്തുക്കുട്ടാ.... ആ മാമൻ കഴുത്തിലൂടെ ഇട്ട് കോലുകൊണ്ട് അടിക്കുന്നതാ ചെണ്ട.... ഡും.... ഡും.... ഡും....

ചന്തു : ആണോ, ചേച്ചീ, എന്ത് വലിപ്പമാ അല്ലേ.... എന്ത് രസത്തിലാ കൊട്ടുന്നത്? അമ്മേ.... എനിക്ക് ചെണ്ട കളിപ്പാട്ടം വാങ്ങിത്തരണേ.

അമ്മ : ശരി! ശരി എല്ലാം വാങ്ങാം. നീണ്ട് വടിപോലെ വളഞ്ഞ് ഇരിക്കുന്നതാണ് കുഴൽ. നീ കണ്ടോ അത്? കൈയിൽ ചേർത്ത് വച്ച് അടിക്കുന്ന താണ് ഇലത്താളം.

ചന്തു : എല്ലാം കാണാനും കേൾക്കാനും നല്ല രസ മുണ്ട് അമ്മേ...

ചന്തുക്കുട്ടനും ചേച്ചിയും ചെണ്ടമേളത്തി നൊപ്പം തുള്ളിച്ചാടി നൃത്തം ചെയ്യാൻ തുടങ്ങി. അമ്മയും മുത്തശ്ശിയും കൈകൊട്ടി ചിരിച്ചു.

ചന്തുക്കുട്ടൻ എന്തൊക്കെ വാദ്യോപകരണങ്ങ ളാണ് കണ്ടതെന്ന് നമുക്കും ഒന്ന് കണ്ട് നോക്കിയാലോ.

- **വർക്ക്ഷീറ്റ് 25.1** 'കൂട്ടുകാരനെ കണ്ടെത്താമോ?' നൽകുന്നു. വാദ്യോപകരണങ്ങളുടെ ചിത്രം നൽകി. അതിന്റെ ജോഡികൾ കണ്ടെത്തി അനുയോജ്യമായവയ്ക്ക് നേരെ വരച്ച് ചേർക്കുക.

## വിലയിരുത്തൽ

- വാദ്യോപകരണങ്ങൾ തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.
- വാദ്യോപകരണങ്ങളുടെ ജോഡികളെ ശരിയായി വരച്ചു ചേർക്കാനും കഴിയുന്നു.

# തീം 26 ആകാശം

**ആമുഖം**

ആകാശം കുട്ടികൾക്ക് എന്നും വിസ്മയക്കാഴ്ചയാണ്. ആകാശത്ത് മാറി മാറിക്കാണുന്ന സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും എല്ലാം കുഞ്ഞുനാൾ മുതൽ പരിചിതവുമാണ്. വെയിലും നിലാവും ഇരുളും മഴയുമൊക്കെ അനുഭവിച്ചറിഞ്ഞ കുഞ്ഞിന്റെ അറിവുകൾ വിപുലീകരിക്കാൻ ഈ തീം പ്രയോജനപ്പെടുത്തണം. വിവിധ വികാസമേഖലകളെ പരിപോഷിപ്പിക്കുന്നതിനും പ്രകൃതിയുമായി കൂടുതൽ അടുക്കുന്നതിനും സഹായകരമായ പ്രവർത്തനങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നത്.

**പ്രവർത്തനക്രമം**

1. കടങ്കവിത (മേഘം കളിപ്പാട്ടം പേജ് - 221)
   ↓
2. നക്ഷത്രക്കൈയടി
   ↓
3. വർക്ക്ഷീറ്റ് 26.1 "ആകാശകാഴ്ച"
   ↓
4. ആകാശം (പാട്ട് - കളിപ്പാട്ടം പേജ് 221)
   ↓
5. വർക്ക്ഷീറ്റ് 26.2 "അണ്ണാന്റെ ആകാശയാത്ര"
   ↓

## വർക്ക്ഷീറ്റ് -26.1 ആകാശകാഴ്ച

**വികാസമേഖലകൾ** :
- ശാരീരികചാലകവികാസം
- സർഗാത്മക സൗന്ദര്യാത്മക വികാസം,
- ഭാഷാവികാസം.
- വൈജ്ഞാനിക വികാസം

**ശേഷികൾ** :
1. പ്രകൃതിയിൽ നിന്നു ലഭിക്കുന്നവ/പാഴ്വസ്തുക്കൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ, കൗതുകവസ്തുക്കൾ, കൊളാഷ് എന്നിവയുടെ നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (84).
2. ചിത്രങ്ങൾ നിരീക്ഷിച്ച് (പ്രാഗ്വായന) ആശയങ്ങൾ പറയാൻ കഴിയുന്നു. (14)
3. പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ/ജീവജാലങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു (30).
4. പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു (80).

**ആശയം** : ആകാശത്ത് സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മേഘം എന്നിവ കാണാം.

**സാമഗ്രികൾ** : പെൻസിൽ, വർക്ക്ഷീറ്റ്, ക്രയോൺ, പഞ്ഞി, മണൽ, അറക്കപ്പൊടി, സ്റ്റിക്കർ

**സന്ദർഭം** : മേഘത്തിന്റെ കടങ്കവിത പാടിയതിനുശേഷം.

**പ്രക്രിയ**

- ആഖ്യാനം

കുഞ്ഞിക്കിളി കൂടിന് പുറത്തേക്ക് തലയിട്ടു! ഹോ! കണ്ണു ചിമ്മി പോകുന്നു. എന്തൊരു വെളിച്ചം! അമ്മക്കിളി തീറ്റ തേടാൻ പോയി രിക്കുന്നു. അമ്മ വരുന്നത് വരെ പുറത്തെ കാഴ്ച കൾ കണ്ടിരിക്കാം. കുഞ്ഞിക്കിളി വിചാരിച്ചു. അവൾ ആകാശത്തേക്ക് നോക്കി. മിന്നിത്തിളങ്ങുന്ന സൂര്യൻ! നീലാകാശത്ത് പറന്നു പറന്നു പോകുന്ന പഞ്ഞിക്കെട്ടുകൾ...

എന്ത് ഭംഗിയാ... കുഞ്ഞിക്കിളി നോക്കിയിരുന്നു.

കീ... കീ... കീ... അതാ അമ്മ... രാവിലെ പോയ താ... അമ്മ ഇപ്പോഴാണോ വരുന്നത്. അമ്മയോട് മിണ്ടില്ല.

അയ്യോ! മോളേ നിനക്കുള്ള ആഹാരം കൊണ്ട് വന്നിട്ടുണ്ട്. ഇതും കഴിച്ച് ഉറങ്ങിക്കോ...

അമ്മേ! അമ്മേ! എനിക്ക് ഉറക്കം വരുന്നേയില്ല. ഞാനിവിടെ ഇരുന്ന് ആകാശം കണ്ടോട്ടേ?

രാത്രിയായി... വീണ്ടും ആകാശക്കാഴ്ചകൾ കാണാനായി കുഞ്ഞിക്കിളി തലയിട്ടു...

ഉം.... ഉം... (തിളങ്ങുന്ന കണ്ണുകൾ) ശബ്ദം കേട്ട് കുഞ്ഞിക്കിളി പേടിച്ചു വിളിച്ചു. "അമ്മേ..."

" എന്താ മോളേ..?

"അമ്മേ അത് എന്താ ശബ്ദം?"

'അത് നമ്മുടെ മൂങ്ങചേട്ടനാ, പാവമാണ്. ഒന്നും ചെയ്യില്ല മോളേ....'

'പകലൊന്നും ഈ ചേട്ടനെ കണ്ടിട്ടില്ലല്ലോ.'

മോളേ, പകൽ മൂങ്ങയ്ക്ക് കണ്ണ് കാണില്ല.

ഹ... ഹ... കുഞ്ഞിക്കിളി ഇതു കേട്ട് ചിരിച്ചു.

കുഞ്ഞുകിളി കണ്ട രാത്രിയും പകലും നമുക്ക് ഒന്നു കണ്ടാലോ?

- **വർക്ക്ഷീറ്റ് 26.1** 'ആകാശ കാഴ്ച' നൽകുന്നു.

**ടീച്ചർക്ക്** : അധ്യാപിക മാതൃക നോക്കി പകലും രാത്രിയും ചിത്രങ്ങൾ തയാറാക്കാൻ കുട്ടിയെ സഹായിക്കണം. അറക്കപ്പൊടി, മണൽ, പഞ്ഞി എന്നീ സാധനങ്ങൾ ഉപയോഗിക്കാം.

## വിലയിരുത്തൽ

- ചിത്രം നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തി പറയാൻ കഴിയുന്നു.

രാത്രി/പകൽ എന്നിവയിലെ പ്രത്യേകതകൾ കണ്ടെത്തി ചിത്രങ്ങൾ തിരിച്ചറിഞ്ഞ് പ്രതിക രിക്കാനും കഴിഞ്ഞിട്ടുണ്ട്.

## വർക്ക്ഷീറ്റ് -26.2 അണ്ണാന്റെ ആകാശയാത്ര

**വികാസമേഖല** : ഭാഷാവികാസം

**ശേഷികൾ** : 1. ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു. (18)

2. ചിത്രങ്ങൾ ക്രമപ്പെടുത്തി കഥ പറയാൻ കഴിയുന്നു. (19)

**ആശയം** : 1. ആകാശത്ത് സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മേഘം എന്നിവയെ കാണാം.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്, പാവകൾ, പാവ കളിക്കുള്ള സാമഗ്രികൾ

**സന്ദർഭം** : ആകാശപ്പാട്ടിനുശേഷം

പ്രക്രിയ

- പാവനാടകം : അണ്ണാന് ഒരു മോഹം ആകാശത്ത് പറക്കണം. ( അണ്ണാന്റെ വിരൽപാവ കാണിക്കുന്നു) അവൻ ആ ആഗ്രഹം അവന്റെ പല കൂട്ടുകാരോടും പറഞ്ഞു. ആരും അവനെ സഹായിച്ചില്ല. ഒടുവിൽ പരുന്തിനോട് അണ്ണാൻ കാര്യം പറഞ്ഞു. പരുന്ത് സമ്മതിച്ചു.

(ടീച്ചർ പരുന്തിന്റെ വിരൽപ്പാവ ഉയർത്തി കാണിക്കുന്നു). പരുന്തിന് ഒരു പേരു വേണ്ടേ?

(കുട്ടികൾ പറയുന്നതിൽ നിന്ന് ഒരു പേര് തെരഞ്ഞെടുക്കുന്നു).

അങ്ങനെ പരുന്ത് അണ്ണാനെ ചുമലിലേറ്റി ഉയരത്തിൽ പറന്നു.

അണ്ണാൻ ആകാശത്തെത്തി. എന്തൊക്കെ കണ്ടിട്ടുണ്ടാകും?

(സ്വതന്ത്ര പ്രതികരണം)

ആകാശത്തിലെയും ഭൂമിയിലെയും കാഴ്ചകൾ കണ്ട് അണ്ണാൻ സന്തോഷിച്ചു. ആകാശത്ത് എത്തിയപ്പോൾ പരുന്ത് പൊട്ടിച്ചിരിച്ചു. അണ്ണാനെ നിന്നെ ഞാൻ തിന്നാൻ പോവുകയാ. അണ്ണാൻ ചിരിച്ചു.

നീ എന്താ ചിരിക്കുന്നത്?

"നിന്റെ പുറത്തല്ലേ ഞാൻ. ആകാശത്ത്വെച്ച് നീ എങ്ങനെ തിന്നും?

നിനക്ക് എന്നെ തിന്നണമെങ്കിൽ

എവിടെയെങ്കിലും കൊണ്ടു വെക്കണ്ടേ?" അണ്ണാൻ പറഞ്ഞു.

എന്നാൽ അങ്ങനെയാകട്ടെ!

പരുന്ത് താഴേക്ക് പറന്നു പറന്ന് ഒരു മരത്തിനടുത്തെത്തി.

അണ്ണാൻ ഒറ്റച്ചാട്ടം. മരക്കൊമ്പുകളുടെ ഇടയിലൂടെ അണ്ണാൻ ചാടിപ്പോയി. പരുന്ത് എല്ലായിടവും നോക്കി.. അണ്ണാനെ കാണാനേ കഴിഞ്ഞില്ല. പിന്നെ എന്തു സംഭവിച്ചിട്ടുണ്ടാവും?

## വിലയിരുത്തൽ

- ചിത്രങ്ങൾ നിരീക്ഷിച്ച് കുട്ടികൾ കഥ പറയുന്നു.
- കഥയുടെ തുടർച്ച പറയുന്നു.

# തീം 27 കളികൾ വിനോദങ്ങൾ

**ആമുഖം**

പ്രീസ്കൂൾ പഠനരീതിയിൽ "സ്നേഹമാണ് ഭാഷ കളിയാണ് രീതി" എന്ന പ്രസ്താവനയിൽ നിന്നും കളികൾക്ക് ലഭിക്കേണ്ട സ്ഥാനം എത്രയോ വലുതാണെന്ന് നമുക്ക് മനസ്സിലാക്കാം. പഠനത്തേക്കാൾ കളികൾക്കാണ് കുട്ടികൾ പ്രാധാന്യം നൽകുന്നത്. പഠനാനുഭവങ്ങൾ കളിരീതിയിലൂടെ ആകുമ്പോൾ കുട്ടിയ്ക്ക് കൂടുതൽ ആസ്വാദ്യകരമാകുന്നു. കളികളിൽ ഏർപ്പെടാൻ കുട്ടിക്ക് എപ്പോഴും ഉത്സാഹവും ആഗ്രഹവുമാണ്. കളിപ്പാട്ടങ്ങൾ ഉപയോഗിച്ചുള്ള കളികളും അല്ലാതെയുള്ള കളികളുമുണ്ടെന്ന് കുട്ടിക്ക് അറിയാം. വെറും കളികൾ അല്ല ഈ തീമിലൂടെ കുട്ടിയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നത്. ചില ശേഷികൾ നേടാനും കളിയിൽ ചില നിയമങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കാനും തീമിലൂടെ കഴിയണം.

**പ്രവർത്തനക്രമം**

1. സ്വതന്ത്രഭാഷണം (അറിയുന്ന കളികൾ - കളിക്കുന്ന കളികൾ)
↓
2. കൂടില്ലാത്തണ്ണാൻ കളി
↓
3. വർക്ക്ഷീറ്റ് 27.1 കളികൾ പലതരം
↓
4. ആനകൊമ്പനാനകളി
↓
5. കളിപന്ത് നിർമാണം (ഒറിഗാമി)
↓
6. കോഴിയും കുറുക്കനും കളി
↓
7. കളി ഉപകരണങ്ങളുടെ പ്രദർശനം

## വർക്ക്ഷീറ്റ് -27.1 കളികൾ പലതരം

**വികാസമേഖലകൾ** :
- വൈജ്ഞാനിക വികാസം
- ശാരീരികചാലകവികാസം

**ശേഷികൾ** :
1. വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഗണിത ഭാഷ ഉപയോഗിക്കാൻ കഴിയുന്നു (39).
2. ക്രയോൺ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കാൻ കഴിയുന്നു (5).

**ആശയം** : പലതരം കളികളുണ്ട്

**സാമഗ്രി** : വർക്ക്ഷീറ്റ്, ക്രയോൺ

**സന്ദർഭം** : കളികൾ - സ്വതന്ത്ര ഭാഷണത്തിനുശേഷം.

**പ്രക്രിയ**

- ആഖ്യാനം

ഒഴിവ് കാലമായി അന്നക്കുട്ടിക്ക് വീട്ടിലിരുന്ന് ആകെ മടുപ്പായി. അവൾ വീട്ടിൽ നിന്ന് മുറ്റത്തേക്കിറങ്ങി. മതിലിന് മുകളിലൂടെ മുൻവശത്തെ വീട്ടിലേക്ക് അന്നക്കുട്ടി എത്തിനോക്കി. നന്ദു ചേട്ടൻ പന്ത് കളിക്കുകയാണ്.

പന്ത് ആകാശത്തേക്ക് എറിഞ്ഞുപിടിക്കുന്നു.

നന്ദുചേട്ടാ... നന്ദുചേട്ടാ....

നമുക്ക് ഒരുമിച്ച് കളിക്കാം.

അന്നക്കുട്ടി ചോദിച്ചു.

കളിക്കാമല്ലോ, ഞാൻ ദാ വരുന്നു അന്നക്കുട്ടീ. നന്ദുചേട്ടൻ അന്നക്കുട്ടിയുടെ വീട്ടിലേക്ക് ഓടിയെത്തി.

അടുത്ത വീട്ടിലെ മിന്നുമോളും കൈയ്യിലൊരു പാവക്കുട്ടിയുമായി എത്തി.

മിന്നുമോൾക്കും കളിക്കാൻ കൂട്ടില്ല.

മൂന്നുപേർക്കും കൂടി ഒന്നിച്ചു എന്തു കളിയാ കളിക്കാൻ പറ്റു? അവർ ആലോചിച്ചു.

ഏതൊക്കെ കളികൾ ഉണ്ടെന്ന് കണ്ടുപിടിക്കാൻ നമുക്ക് അവരെ സഹായിച്ചാലോ?

- **വർക്ക്ഷീറ്റ് 27.1** കളികൾ പലതരം നൽകുന്നു.
- **ചിത്രവായന**
  - എന്തൊക്കെ കളികളാണ് കുട്ടികൾ കളിക്കുന്നത്?
  - ഒറ്റയ്ക്ക് കളിക്കാവുന്ന കളികൾ പറയുന്നു.
  - 3 പേർ മാത്രം കളിക്കുന്ന കളികളുടെ ചിത്രങ്ങൾ കണ്ടെത്തി പറയുന്നു.

## വിലയിരുത്തൽ

- ചിത്രങ്ങൾ നിരീക്ഷിച്ച് വിവിധതരം കളികൾ തിരിച്ചറിഞ്ഞ് പേരുപറയാൻ കഴിയുന്നുണ്ട്.
- ഒറ്റയ്ക്കും കൂട്ടായും കളിക്കുന്ന കളികൾ പറയാൻ കഴിയുന്നു.



# തീം 28 വാർത്താവിനിമയ മാധ്യമങ്ങൾ

**ആമുഖം**

വിവരങ്ങൾ പരസ്പരം അറിയുന്നതിന് പല മാർഗങ്ങളുണ്ട്. വാർത്തകളും വിനോദപരിപാടികളും കാണുന്നതിനും കേൾക്കുന്നതിനും ചില ഉപകരണങ്ങൾ നമ്മെ സഹായിക്കുന്നുണ്ട്. അവയിൽ ചിലതെല്ലാം കുട്ടികൾ കണ്ടിട്ടും ഉപയോഗിച്ചിട്ടുമുണ്ടാവും. ഇവയെക്കുറിച്ച് പ്രാഥമികമായ ധാരണകൾ കൈവരിക്കുക എന്നതാണ് ഈ തീം വിനിമയത്തിലൂടെ ഉദ്ദേശിക്കുന്നത്. വ്യത്യസ്തമായ പഠനസങ്കേതങ്ങളിലൂടെയും അനുഭവ പ്രവർത്തനങ്ങളിലൂടെയും ആശയങ്ങളും നൈപുണികളും വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങളാണ് ഈ തീമിൽ ഒരുക്കിയിരിക്കുന്നത്. വിവര സാങ്കേതികവിദ്യ പുരോഗമിക്കുന്ന ഈ കാലഘട്ടത്തിൽ കാലത്തിന്റെ നൂതനമായ മാറ്റങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കാൻ ഈ തീമിലൂടെ കഴിയട്ടെ.

**പ്രവർത്തനക്രമം**

1. കളിഫോൺ നിർമിക്കാം.
↓
2. വർക്ക്ഷീറ്റ് 28.1 'വാർത്തകൾ അറിയാം'
↓
3. മേനിപറച്ചിൽ
↓
4. പാട്ട് (വാർത്താവിനിമയ ഉപകരണങ്ങൾ - കളിപ്പാട്ടം 218)
↓
5. വർക്ക്ഷീറ്റ് 28.2 'ഹലോ... ഹലോ...'
↓
6. ഫോൺ വിളിക്കൽ അഭിനയം (ടെലിവിഷൻ പരിപാടി)
↓
7. പാവനാടകം

## വർക്ക്ഷീറ്റ് -28.1 വാർത്തകൾ അറിയാം

**വികാസമേഖലകൾ** :
- ഭാഷാവികാസം
- ശാരീരികചാലകവികാസം

**ശേഷികൾ** :
1. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ്‌വായന) ആശയങ്ങൾ പറയാൻ കഴിയുന്നു (14).
2. സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (5).

**ആശയം** : വാർത്തകൾ അറിയാൻ വിവിധ മാർഗങ്ങൾ ഉണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : കളിഫോൺ നിർമാണത്തിനുശേഷം.

**പ്രക്രിയ**

- ആഖ്യാനം

മണിയൻ പൂച്ചയ്ക്കും മണിച്ചി പൂച്ചയ്ക്കും ഒരു കുഞ്ഞുണ്ടായിരുന്നു 'മീനൂട്ടി'. മണിയൻ പൂച്ച പട്ടണത്തിൽ പോയിരിക്കുവാണ്. മീനൂട്ടിക്ക് കളിപ്പാട്ടം വാങ്ങാനാണ് പോയത്. (നിങ്ങൾക്ക് കളിപ്പാട്ടം ഇഷ്ടമാണോ? എന്തൊക്കെ കളിപ്പാട്ടങ്ങളാണ് നിങ്ങൾക്ക് ഇഷ്ടം) മീനൂട്ടി അച്ഛൻ വരുന്നത് കാത്തിരു

ന്നു.. ഇടയ്ക്ക് ടി.വി കാണാനും പോയി.
ക്ണിം... ക്ണിം... ക്ണിം...

| | | |
|---|---|---|
| മീനൂട്ടി | : | അമ്മേ... അമ്മേ ഫോൺബല്ലടിക്കുന്നു. |
| അമ്മ | : | മോളേ, നീ ഫോണെടുക്ക് അച്ഛനായിരിക്കും. |
| മീനൂട്ടി | : | ഹലോ... ഞ്യാവൂ... ഞ്യാവൂ... അച്ഛനാണോ? അച്ഛാ... കളിപ്പാട്ടം വാങ്ങിയോ? എപ്പോ വരും? (മീനൂട്ടിയുടെ മുഖത്ത് സന്തോഷം. ഫോൺ വെച്ചിട്ട് അവൾ തുള്ളിച്ചാടി.) |
| അമ്മ | : | മോള് സന്തോഷത്തിലാണല്ലോ? അച്ഛൻ കളി പ്പാട്ടം വാങ്ങിയല്ലേ? |
| മീനൂട്ടി | : | ആ... അമ്മേ അച്ഛൻ കളിപ്പാട്ടം വാങ്ങി (മീനൂട്ടി തുള്ളിച്ചാടി കൊണ്ട് സുന്ദരിക്കോഴിയുടെ അടുത്തെത്തി.) |
| സുന്ദരിക്കോഴി | : | എന്താ മീനൂട്ടീ, നീ തുള്ളിച്ചാടുന്നേ? |
| മീനൂട്ടി | : | അതെ! അച്ഛൻ കളിപ്പാട്ടം വാങ്ങിക്കൊണ്ട് വൈകിട്ട് വരുമല്ലോ? |
| കിട്ടുപട്ടി | : | ആഹാ! കോളടിച്ചല്ലോ? മീനുട്ടീ, ഞാൻ പത്രം വായിക്കാൻ എടുത്തൂന്ന് അമ്മയോട് പറയണേ. |
| മീനൂട്ടി | : | ശരി ഞാൻ അമ്മയോട് പറയാം. ഇന്നത്തെ വാർത്തകൾ എനിക്കും പറഞ്ഞ് തരണേ... |
| സുന്ദരിക്കോഴി | : | പോസ്റ്റ്മാൻ പോകുന്നത് കണ്ടോ? എനിക്ക് കത്തെങ്ങാനും കൊണ്ട് വന്നോ? |
| മീനൂട്ടി | : | ഇല്ലല്ലോ.... (മീനുട്ടി തുള്ളിച്ചാടിക്കൊണ്ട് മിട്ടു ആടിന്റെ അടുത്തേക്ക് പോയി.) മിട്ടൂ.... മിട്ടൂ.... നീ അറിഞ്ഞോ.... എനിക്ക് അച്ഛൻ കളിപ്പാട്ടം വാങ്ങിക്കൊണ്ട് വരികയാണ്. |
| മിട്ടു | : | കൊള്ളാല്ലോ... മോളേ നീ വീട്ടിൽ നിന്നും മൊബൈൽ ഫോൺ ഇങ്ങ് എടുത്ത് കൊണ്ട് വരുമോ? മോനെ വിളിക്കാനാണ്. |
| മീനൂട്ടി | : | കൊണ്ടുവരാല്ലോ? മീനുട്ടി അമ്മയുടെ അടുത്തേക്കോടി. കുറച്ചു കഴിഞ്ഞ് ഫോണുമായി എത്തി. (അച്ഛൻ കളിപ്പാട്ടം കൊണ്ട് വരുന്നതു കണ്ട് മീനൂട്ടി തുള്ളിച്ചാടി.) |
| ചർച്ച | - | സുന്ദരിക്കോഴി പോസ്റ്റ്മാനെ കാത്തിരുന്നത് എന്തിനാണ്? |
| | - | അച്ഛൻ കളിപ്പാട്ടം വാങ്ങി വരുന്നത് മീനുട്ടി എങ്ങനെയാണ് അറിഞ്ഞത്? |
| | - | പത്രത്തിലൂടെ വാർത്തകൾ അറിയാൻ പറ്റുമോ? |

- **വർക്ക്ഷീറ്റ് 28.1** ‘വാർത്തകൾ അറിയാം’ നൽകുന്നു.
  - ചിത്രത്തിൽ ഓരോ പ്രവൃത്തിയും ചെയ്യുന്നത് ആരൊക്കെ?
  - അവർ എന്താണ് ചെയ്യുന്നത്?

## വിലയിരുത്തൽ

- ചിത്രങ്ങൾ നോക്കി വാർത്തകൾ അറിയുന്ന മാർഗങ്ങൾ തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് -28.2 ഹലോ... ഹലോ...

| | | |
|---|---|---|
| **വികാസമേഖല** | : | ശാരീരികചാലകവികാസം |
| **ശേഷി** | : | പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13). |
| **ആശയം** | : | വിവരങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും അറിയിക്കുന്നതിന് ഫോൺ ഉപയോഗിക്കുന്നു. |
| **സാമഗ്രികൾ** | : | വർക്ക്ഷീറ്റ്, ക്രയോൺസ് |
| **സന്ദർഭം** | : | വാർത്താവിനിമയ ഉപകരണങ്ങളുടെ പാട്ടിനു ശേഷം. |

പ്രക്രിയ

| | | |
|---|---|---|
| • ആഖ്യാനം | : | മീനൂട്ടിയുടെ അച്ഛൻ മണിയൻപൂച്ച കളിപ്പാട്ടവുമായി എത്തി. മീനൂട്ടിയുടെ അച്ഛൻ വന്ന കാര്യം അമ്മാവനെ വിളിച്ചറിയിക്കാനായി അമ്മ ഫോണെടുത്ത് വിളിച്ചു. ഹലോ... അയ്യോ! ഒന്നും കേൾക്കുന്നില്ലല്ലോ!<br>എന്തു പറ്റി? |
| മീനുട്ടി | : | അമ്മേ ഫോണിലെ കേബിൾ ഊരിപ്പോയതാണ്. |
| അമ്മ | : | ഇനി എന്ത് ചെയ്യും? |
| മീനുട്ടി | : | ഞാൻ നോക്കട്ടെ!<br>മീനൂട്ടിയെ നമുക്ക് ഒന്ന് സഹായിച്ചാലോ... |
| • **വർക്ക്ഷീറ്റ് 28.2** | | ഹലോ... ഹലോ... നൽകുന്നു. |
| | • | കേബിൾ വരച്ചു ചേർക്കുന്നു. |

## വിലയിരുത്തൽ

– കേബിൾ വരച്ചു ചേർക്കാൻ കഴിയുന്നു.

# തീം 29 വെള്ളം, പുഴ, കടൽ

**ആമുഖം**

വെള്ളം ഇല്ലാത്ത ഒരു നിമിഷത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ കഴിയുമോ? ഇല്ല! ഒരിക്കലും കഴിയില്ല. പുഴകളും തോടും അരുവികളും കടലുമൊക്കെ പ്രകൃതി നമുക്ക് അറിഞ്ഞ് നൽകിയ വരദാനമാണ്. വെള്ളത്തിൽ കളിക്കാനും രസിക്കാനുമൊക്കെ കുട്ടികൾക്ക് ഒരുപാട് ഇഷ്ടമാണ്. മഴയുടെ കാര്യമാണെങ്കിലോ, അത് കുട്ടികൾക്ക് എന്നും ഒരു കൗതുകക്കാഴ്ച തന്നെയാണ്. ചന്നം പിന്നം പെയ്യുന്ന മഴയത്ത് മതിമറന്ന് തുള്ളിച്ചാടിയും കടലാസ് തോണി ഉണ്ടാക്കിയും അവർ ഉല്ലസിക്കുന്നു. കളിക്കാനും രസിക്കാനും മാത്രമല്ല ജലം ഉപയോഗിക്കുന്നതെന്നും ദൈനംദിനാവശ്യങ്ങൾക്കും ജലം ഉപയോഗിക്കുന്നുണ്ടെന്നും കുട്ടികൾ മനസ്സിലാക്കണം ശാരീരികചാലക വൈജ്ഞാനിക-ഭാഷാപര വികാസത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ തീമിൽ ഒരുക്കിയിരിക്കുന്നത്. നമ്മുടെ ജലസ്രോതസ്സുകളെ സംരക്ഷിക്കേണ്ട ആവശ്യകതയും അറിവും കുട്ടികൾക്ക് മനസ്സിലാക്കാൻ ഈ തീമിലൂടെ കഴിയട്ടെ!

**പ്രവർത്തനക്രമം**

1. മഴ സ്വതന്ത്രഭാഷണം
↓
2. മഴപ്പാട്ട് (മഴ, മഴ....പെയ്തല്ലോ കളിപ്പാട്ടം പേജ് 201)
↓
3. മാന്ത്രികമഴ (പരീക്ഷണം-കളിപ്പാട്ടം പേജ് 226)
↓
4. വെള്ളത്തിന്റെ ഉപയോഗം (ചർച്ച)
↓
5. വർക്ക്ഷീറ്റ് 29.1 വെള്ളം വെള്ളം സർവ്വത്ര
↓
6. മഴക്കഥ
↓
7. തൊട്ടറിയാം പറയാം (പരീക്ഷണം-ഐസ്-ചൂട് വെള്ളം, സാധാരണ വെള്ളം)
↓
8. മഴത്തുള്ളി വരയ്ക്കാം-നിറം നൽകാം

## വർക്ക്ഷീറ്റ് -29.1 വെള്ളം വെള്ളം സർവ്വത്ര...

**വികാസമേഖലകൾ** :
- ഭാഷാവികാസം
- വൈജ്ഞാനിക വികാസം

**ശേഷികൾ** :
1. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ്‌വായന) ആശയങ്ങൾ പറയാൻ കഴിയുന്നു. (14)
2. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : കുടിക്കാനും കുളിക്കാനും ആഹാരം പാകം ചെയ്യാനും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കും വെള്ളം ഉപയോഗിക്കുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്, ചായങ്ങൾ

**സന്ദർഭം** : വെള്ളത്തിന്റെ ഉപയോഗത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് ശേഷം.

**പ്രക്രിയ**

**ആഖ്യാനം** : കിങ്ങിണീ... കിങ്ങിണീ

സമയം രാവിലെ 6 മണിയായി ഇവൾക്ക്

'ഇന്ന് സ്കൂളിൽ പോകണ്ടേ...

മടിപിടിച്ച് കിടക്കാതെ എണീക്ക് മോളേ...

കിങ്ങിണീ... കിങ്ങിണീ'

ഹോ, ഈ അമ്മയുടെ കാര്യം

ഉറങ്ങാനും സമ്മതിക്കില്ല...

കിങ്ങിണിക്കുട്ടി കട്ടിലിൽ നിന്നും ചാടി എഴുന്നേറ്റു....

'കിങ്ങിണീ.. വേഗം പോയി പല്ലു തേയ്ക്കൂ...'

അമ്മ അടുക്കളയിൽ നിന്നും വിളിച്ചുപറഞ്ഞു.

കിങ്ങിണി വേഗം പല്ലുതേയ്ച്ചു മുഖം കഴുകി.

മുടിയൊക്കെ ഒതുക്കിവെച്ചു.

ചായകുടിച്ചു.

ഹയ്യോ! എന്റെ റോസാചെടി വാടി നിൽക്കുവാണല്ലോ?

കുറച്ച് വെള്ളം ഒഴിച്ചു കൊടുക്കാം.

കിങ്ങിണിക്കുട്ടി വേഗം റോസാച്ചെടിക്ക് വെള്ളം ഒഴിച്ചു കൊടുത്തു.

'മോളേ... കിങ്ങിണി വേഗം കുളിച്ച് റെഡിയായി വന്നേ. അമ്മ അലക്കി വച്ച തുണികൾ കൂടി കഴുകിവിരിക്കാൻ മറക്കരുതേ.'

അടുക്കളയിൽ നിന്നു അമ്മ വിളിച്ചു പറഞ്ഞു.

കിങ്ങിണി കുട്ടി കുളിക്കാനായി കുളിമുറിയിലേക്കോടി...

കുളിച്ച് യൂണിഫോമിട്ട് ബാഗുമെടുത്ത്

അവൾ അമ്മയുടെ അടുത്തെത്തി..

'ഹായ്! ദോശ...' കിങ്ങിണി വേഗം

കൈകഴുകി വന്ന് ദോശയും ചമ്മന്തിയും രുചിയോടെ കഴിച്ചു...

'മോളേ... ഒരു ഗ്ലാസ് വെള്ളം മുഴുവൻ കുടിക്കൂ.'

കിങ്ങിണി അമ്മ കൊടുത്ത വെള്ളം മുഴുവൻ കുടിച്ചു.

കിങ്ങിണിക്കുട്ടി കൈ കഴുകി. അമ്മയ്ക്ക്

ചക്കര ഉമ്മയും കൊടുത്ത് പോകാനിറങ്ങി.

'മോളേ.. വെള്ളം മുഴുവൻ കുടിക്കണം.. കളയരുത്!'

'ശരി അമ്മേ... റ്റാറ്റാ...'

റ്റാറ്റാ... മോളേ...

കിങ്ങിണിക്കുട്ടി രാവിലെ എണീറ്റത് മുതൽ സ്കൂളിൽ പോകും വരെ വെള്ളം ഉപയോഗിച്ച സന്ദർഭങ്ങൾ നമുക്ക് ഒന്ന് കണ്ടെത്തിയാലോ?

- **വർക്ക്ഷീറ്റ് 29.1** 'വെള്ളം വെള്ളം സർവ്വത്ര' നൽകുന്നു.

- ചിത്രത്തിലെ ഓരോ സന്ദർഭവും കണ്ടെത്തി പറയുന്നു.

- വെള്ളം ഉപയോഗിക്കുന്നതും അല്ലാത്തതുമായ സന്ദർഭം കണ്ടെത്തുന്നു.
- വെള്ളം ഉപയോഗിക്കുന്ന ചിത്രത്തിന്റെ സമീപത്തുള്ള വട്ടത്തിന് നിറം നൽകുന്നു.

## വിലയിരുത്തൽ

- ചിത്രത്തിലെ സന്ദർഭങ്ങൾ കണ്ടെത്തി പറയാൻ കഴിയുന്നു.
- വെള്ളം ഉപയോഗിക്കുന്ന സന്ദർഭങ്ങൾ ശരിയായി കണ്ടെത്തി പറയാൻ കഴിയുന്നു.



# തീം 30 മരങ്ങൾ, കാട്

**ആമുഖം**

കാടും മരങ്ങളും പ്രകൃതിയുടെ വരദാനമാണ്. നമ്മുടെ ജീവന്റെ നില നിൽപ്പിന്നാധാരം തന്നെ മരങ്ങളാണ്. മരങ്ങളില്ലാത്ത ഒരു സമൂഹത്തെപ്പറ്റി ചിന്തിക്കാൻ തന്നെ പ്രയാസമാണ്. തണലും താങ്ങും നൽകി അവ നമ്മ ളോടൊപ്പം എന്നും ചേർന്നു നിൽക്കുന്നു. നമ്മൾ നട്ടുവളർത്തുന്നതും അല്ലാതെയുമുള്ള ഒരുപാട് മരങ്ങൾ നമുക്ക് ചുറ്റും ഉണ്ട്. കായ്കളും ഇല കളും തടിയുമൊക്കെ തന്ന് അവ നമ്മെ സഹായിക്കുന്നു. മരങ്ങളെക്കു റിച്ചും കാടിനെക്കുറിച്ചും കുട്ടി കൂടുതൽ മനസ്സിലാക്കുവാനുള്ള പ്രവർത്ത നങ്ങളാണ് ഈ തീമിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സർഗാത്മക, വൈജ്ഞാനിക, ശാരീരിക ചാലകവികാസത്തെ പരിഗണിച്ചുള്ള പ്രവർത്ത നങ്ങൾ ഈ തീമിൽ ഒരുക്കുമ്പോൾ കുട്ടിക്ക് കാടിനെയും മരങ്ങളെയും കൂടുതലായി സ്നേഹിക്കാൻ കഴിയട്ടെ.

**പ്രവർത്തനക്രമം**

1. സ്വതന്ത്രഭാഷണം - എന്റെ വീട്ടിലെ മരങ്ങൾ
↓
2. ആംഗ്യപ്പാട്ട്
↓
3. വർക്ക്ഷീറ്റ് 30.1 - എന്റെ മരം
↓
4. മണൽത്തടത്തിലെ ക്രമീകരണം-നോക്കിപറയൽ
↓
5. ശബ്ദം തിരിച്ചറിയൽ കളി
↓
6. വർക്ക്ഷീറ്റ് 30.2 - നമുക്കും ചെടി നടാം
↓
7. പ്രകൃതിനടത്തം

## വർക്ക്ഷീറ്റ് -30.1 എന്റെ മരം

**വികാസമേഖലകൾ** :
- ശാരീരികചാലകവികാസം
- സർഗാത്മക സൗന്ദര്യാത്മക വികാസം

**ശേഷികൾ** :
1. കടലാസ്, തുണി തുടങ്ങിയവ മടക്കാനും മുറിക്കാനും കഴിയുന്നു (6).
2. വസ്തുക്കൾ, പ്രകൃതിയിൽ നിന്നു ലഭിക്കു ന്നവ/പാഴ്വസ്തുക്കൾ ഉപയോഗിച്ച് കളി പ്പാട്ടങ്ങൾ, കൗതുകവസ്തുക്കൾ, കൊളാഷ് എന്നിവയുടെ നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴി യുന്നു (84).
3. കത്രിക ഉപയോഗിച്ച് മുറിക്കാൻ കഴിയു ന്നു (7).

**ആശയം** : നമ്മൾ നട്ടുവളർത്തുന്നതും അല്ലാത്തതുമായ മരങ്ങളുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, തുണി, കടലാസ്, വർണക്കട ലാസ്, പശ, ഐസ്ക്രീംസ്റ്റിക്കുകൾ

**സന്ദർഭം** : ആംഗ്യപ്പാട്ടിനുശേഷം.

പ്രക്രിയ

- ആഖ്യാനം

ലല്ലു മോൾ വീട്ടിൽ നിന്നും സ്കൂളിലേക്ക് പോകുന്ന വഴിയിൽ വലിയ ഒരു ആൽമരം ഉണ്ട്. എന്നും അവൾ ആ മരത്തെ അത്ഭുതത്തോടെ നോക്കി നിൽക്കും!

എന്തൊരു വലിയ മരമാണ്!

എത്ര പേരാണ് ആ മരത്തിൻ ചുവട്ടിലിരുന്ന് കാറ്റ് കൊള്ളുന്നത്. വെയിലും ഏൽക്കില്ല...

ഒരുപാട് കിളികളും അണ്ണാനുമെല്ലാം കൂട് കൂട്ടിയിട്ടുണ്ട്.

'അയ്യോ! ഈ മരത്തിന്റെ ഭംഗി കണ്ട് നിന്നാൽ സ്കൂളിൽ എത്തുമ്പോഴേക്കും ബെല്ലടിക്കുമല്ലോ?'

ലല്ലുമോൾ വേഗം സ്കൂളിലേക്കോടി. ലല്ലു മോൾ സ്കൂളിൽ എത്തി. ടീച്ചർ ഇന്ന് മരത്തിന്റെ ചിത്രം വരയ്ക്കാനാണ് പഠിപ്പിച്ചത്.

ലല്ലുമോൾക്ക് ആൽമരം ഓർമ വന്നു. അവൾ ആൽമരം വരയ്ക്കാനൊരുങ്ങി. കുട്ടികൾ മരത്തിന് നിറം നൽകിയും മരത്തിൽ കടലാസ്, തുണി തുടങ്ങിയവ ഒട്ടിച്ച് മനോഹരമാക്കി.

നമുക്കും ഒരു മരം വരച്ച് കൊളാഷ് പ്രവർത്തനം ചെയ്താലോ!

- **വർക്ക്ഷീറ്റ് 30.1** 'എന്റെ മരം' നൽകുന്നു.

കടലാസും തുണിയും വർണകടലാസും ചെറുതായി കീറിമുറിച്ച് ഒട്ടിച്ച് മരത്തെ ഭംഗിയാക്കൂ.

## വിലയിരുത്തൽ

- കത്രിക ഉപയോഗിച്ചോ കൈകൾകൊണ്ടോ കടലാസും തുണിയും മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു.
- കൊളാഷ് നിർമാണ പ്രവർത്തനം ശരിയായി ചെയ്യാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് -30.2 നമുക്കും ചെടി നടാം

**വികാസമേഖലകൾ** : ശാരീരികചാലകവികാസം
ഭാഷാപരവികാസം
വൈജ്ഞാനിക വികാസം

**ശേഷികൾ** :
1. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).
2. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ്വായന) ആശയങ്ങൾ പറയാൻ കഴിയുന്നു.
3. കണ്ടെത്തൽ പ്രവർത്തനത്തിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു.

**ആശയം** : നമ്മൾ നട്ടുവളർത്തുന്ന മരങ്ങളും അല്ലാത്ത മരങ്ങളും ഉണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്, പെൻസിൽ

**സന്ദർഭം** : ശബ്ദം തിരിച്ചറിയൽ കളിക്ക് ശേഷം.

**പ്രക്രിയ**

- ആഖ്യാനം : സ്കൂൾവിട്ട് വൈകുന്നേരം ലല്ലുമോൾ വീട്ടിലെത്തിയപ്പോൾ മുത്തശ്ശി ചെടികൾക്ക് വെള്ളം ഒഴിക്കുമായിരുന്നു. ലല്ലുമോൾ ബാഗ്

കൊണ്ട് വെച്ചിട്ട് മുത്തശ്ശിയെ സഹായിക്കാനായി ഓടിയെത്തി...

'മുത്തശ്ശീ.... മുത്തശ്ശീ.... ഞാൻ ചെടി നനയ്ക്കാം. ലല്ലുമോൾ പോയി ഉടപ്പ് മാറ്റി, കുളിച്ച്, ആഹാരം കഴിക്ക്. ഇതൊക്കെ മുത്തശ്ശി ചെയ്തോളം'.

'ഞാനും കൂടാം മുത്തശ്ശീ...'

'മോൾ മുത്തശ്ശി പറഞ്ഞത് ചെയ്തിട്ട് വാ...

എന്നിട്ട് നമുക്ക് ഒരു ചെടി നടാം.'

'ശരി! മുത്തശ്ശീ...'

ലല്ലുമോൾ കുളിച്ച്, ആഹാരം കഴിച്ച് മുത്തശ്ശിയുടെ അടുത്തേക്ക് ഓടിയെത്തി.

'മുത്തശ്ശീ.... നമുക്ക് ചെടി നടാം...'

'ആ... ചെടിയൊക്കെ നടാം...

ആദ്യം നീ കുറച്ച് വെള്ളം കൊണ്ട് വാ...'

ലല്ലുമോള് വേഗം പോയി, വെള്ളം കൊണ്ടു വന്നു.

മുത്തശ്ശി ഒരു ഭാഗത്ത് മണ്ണിളക്കി വിത്ത് പാകി...

'എന്തിന്റെ വിത്താ മുത്തശ്ശീ?'

'ഇത് തക്കാളിയാണ് മോളേ...'

'ഹായ്! ഇനി ചുവന്ന് തുടുത്ത തക്കാളി ലല്ലുമോളുടെ വീട്ടിലും കാണും....'

ഓരോ ദിവസവും ലല്ലുമോൾ തക്കാളി മുളച്ചോ എന്ന് നോക്കും. വിത്തിൽ മുള വന്നു. ചെറിയ ഇലകൾ വന്നു. ചെടിയായി...

ലല്ലുമോൾ എന്നും രാവിലെയും വൈകിട്ടും വെള്ളം ഒഴിക്കുമായിരുന്നു.

ഒരു ദിവസം രാവിലെ എണീറ്റ ലല്ലുമോൾ കണ്ടത്, തക്കാളി ചെടിയിൽ പൂക്കൾ വിരിഞ്ഞിരിക്കുന്നു.

ലല്ലുമോൾ തുള്ളിച്ചാടി.

മുത്തശ്ശിയെയും അമ്മയെയും വിളിച്ചു കാണിച്ചു.

ദിവസങ്ങൾ കഴിഞ്ഞു. അതിൽ കായ്കൾ വന്നു. അവ ചുവന്നു പഴുത്തു.

അവൾ ഓരോ തക്കാളിയ്ക്കയും പറിച്ചു.

• **വർക്ക്ഷീറ്റ് 30.2**

'നമുക്കും ചെടി നടാം' നൽകുന്നു.

ലല്ലുമോൾ നട്ട തക്കാളിച്ചെടി വളർന്നുവന്നതൊക്കെ ചിത്രത്തിൽ കൊടുത്തിട്ടുണ്ട്. പക്ഷേ ചിത്രങ്ങൾ മാറി കിടക്കുയാണ്. നമുക്ക് ശരിയാക്കി വരച്ച് ചേർത്താലോ.

ക്രമം അനുസരിച്ച് പച്ച, ചുവപ്പ്, നീല, മഞ്ഞ, കറുപ്പ്, ഓറഞ്ച് നിറം നൽകുന്നു.

## വിലയിരുത്തൽ

- ഓരോ ചിത്രവും നിരീക്ഷിച്ച് ചിത്രങ്ങളുടെ ക്രമം കണ്ടെത്തുന്നു.
- ചെടിയുടെ വളർച്ച ചിത്രം നോക്കി തിരിച്ചറിയുന്നു.
- ചെടിയുടെ വളർച്ച അനുസരിച്ച് നിറം വട്ടത്തിൽ വരയ്ക്കുന്നു.